25 years

Kandanad

Diocesan
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 6 No. 7, 15 August 2018

എഡിറ്റോറിയൽ

എല്ലാം ശരിയാകും

അനൂപ് ജേക്കബ് എം.എൽ.എ. യുടെ പിറവം സെന്റ് മേരീസ് പള്ളി സംബന്ധിച്ച സബ്മിഷന് ബ: മുഖ്യമന്ത്രി പിണറായി വിജയൻ കേരളാ അസംബ്ലിയിൽ നല്കിയ മറുപടി എല്ലാ പ്രധാന വാർത്താ മാധ്യമങ്ങളിലും വന്നതാണ്. നിയമനിർമ്മാണ സഭയിൽ ഒരു മറുപടി പറയുമ്പോൾ വിഷയം സംബന്ധിച്ച് ആവശ്യമായ പഠനം നടത്തി സത്യസന്ധമായ വിവരങ്ങളാണ് ജനപ്രതിനിധികൾക്ക് നൽകേണ്ടത്. മലങ്കര സഭാതർക്കം പതിറ്റാണ്ടുകളായി കേരളത്തിൽ സാമൂഹിക അസ്വസ്ഥത സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതിനാൽ അതു സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ നിന്നുണ്ടായിട്ടുള്ള വിധികൾ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ് സമഗ്രമായി പഠിക്കേണ്ടതാവശ്യമാണ്. പിറവം വലിയ പള്ളി ഇടവകയിൽ 2500 യാക്കോബായ കുടുംബങ്ങളും 250 ഓർത്തഡോക്സ് കുടുംബങ്ങളുമുണ്ടെന്നാണ് ബ: മുഖ്യമന്ത്രി പറഞ്ഞത്. അതായത് മൊത്തം 2750 കുടുംബങ്ങൾ. എന്നാൽ അതിൽ പകുതി പോലും ഇല്ലെന്നുള്ളതാണ് വാസ്തവം. സഭാക്കേസിൽ 1995 ൽ ഉണ്ടായ സുപ്രീംകോടതി വിധിക്കു ശേഷം 1998, 2002, 2004 എന്നീ വർഷങ്ങളിൽ ഈ പള്ളിയിൽ ഇടവക ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ട്. ഏറ്റവും വാശിയേറിയ തെരഞ്ഞെടുപ്പിൽ പോലും വോട്ടിന്റെ കാര്യത്തിൽ എതിർകക്ഷികൾ തമ്മിൽ വന്ന വ്യത്യാസം 1 മുതൽ 16 വരെ മാത്രമാണ്. 2750 കുടുംബങ്ങളുണ്ടെങ്കിൽ ഏറ്റവും കുറഞ്ഞത് അത്രയുമെങ്കിലും വോട്ടുകളുമുണ്ടായിരിക്കുമല്ലോ. യാക്കോബായ-ഓർത്തഡോക്സ് വിഭാഗക്കാരുടെ റേഷ്യോ ബ. മുഖ്യമന്ത്രി പറഞ്ഞതാണെങ്കിൽ ഭൂരിപക്ഷം പരമാവധി 16 വന്നാൽ പോരാ.

ഈ തിരഞ്ഞെടുപ്പുകളെപ്പറ്റി മറ്റൊരു കാര്യം കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. അവയെല്ലാം കോടതി നിർദ്ദേശപ്രകാരം പ്രത്യേക വരണാധികാരികളുടെ ചുമതലയിൽ ആണ് നടന്നിട്ടുള്ളത്. മാത്രമല്ല അവയിലെല്ലാം ഓരോ വോട്ടറും 1934ലെ സഭാ ഭരണഘടനയോട് വിധേയത്വം പ്രഖ്യാപിച്ചുകൊണ്ട് വ്യക്തിപരമായി സത്യവാങ്മൂലം നൽകിയാണ് വോട്ടവകാശം നേടിയിട്ടുള്ളത്. 1934-ലെ ഭരണഘടന അംഗീകരിച്ചാണ് സമ്മതിദാനം നടത്തിയിട്ടുള്ളതെങ്കിൽ പിറവം സെന്റ് മേരീസ് ഇടവകയിൽ യാക്കോബായ കക്ഷിക്കാർ ഉണ്ടാകാനിടയില്ല. ഉണ്ടെങ്കിൽ അതിനുശേഷം ഉണ്ടായവരായിരിക്കണം. അല്ലെങ്കിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാത്തവരായിരിക്കണം. അവർ കക്ഷി താല്പര്യം ഇല്ലാത്തവരായിരിക്കുമല്ലോ. ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ബ. മുഖ്യമന്ത്രി നല്കിയ കണക്ക് സാമാന്യബുദ്ധിയുള്ളവർക്ക് ബോധ്യപ്പെടാൻ കഴിയാത്തതാണ്.

എന്നാൽ തെരഞ്ഞെടുപ്പുകളിൽ ചെയ്യുന്ന കാര്യം ഇതാണ്. പള്ളി ഭരണം മോഹിച്ച് '34 ഭരണഘടന അംഗീകരിക്കും തെരഞ്ഞെടുപ്പുകഴിഞ്ഞാൽ അതു നിരസിച്ച് കക്ഷിമാറും. ഈ അടവ് തനി വഞ്ചനയാണ്. ഇതാണിവിടെ നടന്നു വരുന്നത്. ഈ അവിശ്വസ്തത പിറവം പള്ളി തിരഞ്ഞടുപ്പിൽ മാത്രമല്ല യാക്കോബായക്കാർ കാണിച്ചു വരുന്നത്. 1995ലെ സുപ്രീകോടതി വിധിയെ തുടർന്ന് അന്ന് പാത്രിയർക്കീസ് പക്ഷത്തുണ്ടായിരുന്ന എല്ലാ മെത്രാപ്പോലീത്താമാരും-തോമസ്

EDITORIAL BOARD

President
H. G. Dr. Thomas Mar Athanasius
Metropolitan

Chief Editor
Fr. Abraham Karammel

Mg.Editor
Mr. P. J. Varghese

Associate Editors
Fr. Kochuparambil Geevarghese Ramban
Fr. Aby Ulahannan

Technical Adviser
Mr. George Paul

Members
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.kandanadeast.org

ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
എല്ലാം ശരിയാകും 1

നിയമവിജയം
സമാധാനം സൃഷ്ടിക്കണം-3 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

Eastern Orthodoxy-Confessional Status: Confessions-Confusions-Abuses: Way Forward 9
ഡോ. കെ.എം. ജോർജ്, തോമസ് മാത്യു

പരീക്ഷയിലേക്ക് നയിക്കലും
ദുഷ്ടനിൽനിന്നുള്ള സംരക്ഷണവും-1 11
ഡോ. തോമസ് മാർ അത്താനാസ്യോസ്

ശ്രേയസ്സിന് ഒരു രൂപരേഖ 13
സ്വാമി തേയോമയാനന്ദ

ആരാധനയും അനുഷ്ഠാനങ്ങളും 14
എം. സൈമൺ

വാർത്തകൾ-അറിയിപ്പുകൾ 16

മാർ ദീവന്നാസ്യോസ് (ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്ക) ഉൾപ്പെടെയുള്ളവർ 34'ലെ സഭ ഭരണഘടനയോട് വിധേയത്വം പ്രഖ്യാപിച്ചുകൊണ്ട് കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളവരാണ്. ഇക്കാര്യങ്ങളെല്ലാം യഥാവസരം ഈ മാസികയിൽ സത്യവാങ്മൂലത്തിന്റെ ഫോട്ടോകോപ്പികൾ സഹിതം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഇന്ന് അവരിൽ അധികപേരുടേയും നിലപാടെന്താണ്? ഇവിടെ ഉയരുന്ന-ഉയരേണ്ട ചോദ്യമിതാണ്. ഇവരെ വിശ്വസിക്കാനാവുമോ?

ശ്രേഷ്ഠ കാതോലിക്കാബാവയുടെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന അഭിമുഖത്തിൽ അദ്ദേഹം 34'ലെ ഭരണഘടന അംഗീകരിച്ചിട്ടുണ്ടോ എന്ന ചോദ്യം ചോദ്യ കർത്താവിൽ നിന്നുണ്ടാകുമെന്ന് പ്രതീക്ഷിച്ചു. എങ്കിലും പതിവുപോലെ തൊലി പൊട്ടിക്കുന്ന ചോദ്യങ്ങളൊന്നും ഉണ്ടായില്ല.

പിറവം പള്ളിയുടെ കാര്യത്തിൽ സുപ്രീം കോടതിയിൽ നിന്ന് കഴിഞ്ഞ ഏപ്രിൽ 19ന് ഉണ്ടായ അന്ത്യവിധി നടപ്പാക്കാതെ നീട്ടുന്നതിനുള്ള ഏക കാരണം യാക്കോബായക്കാരിൽ നിന്നുള്ള എതിർപ്പാണല്ലോ. ബന്ധപ്പെട്ട അധികാരികളോട് വിധി നടപ്പാക്കുവാനാണ് കോടതി ആവശ്യപ്പെട്ടിട്ടുള്ളത്. എതിർപ്പില്ലെങ്കിൽ എന്ന കണ്ടീഷനൊന്നുമില്ല. പിറവം പള്ളി ഓർത്തഡോക്സ് സഭയ്ക്ക് കിട്ടുന്നില്ല എന്നതല്ല ഇവിടത്തെ പ്രധാന പ്രശ്നം. സുപ്രീംകോടതി വിധി ചുമതലപ്പെട്ട സർക്കാർ നിറവേറ്റുന്നില്ലാ എന്നുള്ളതാണ്. ഇത് രാജ്യത്തെ പരമോന്നത കോടതിയുടെ കല്പനപോലും ലംഘിക്കാമെന്ന തെറ്റും അപകടകരവുമായ സന്ദേശമാണ് ജനത്തിനു നൽകുന്നത്. അതിന്റെ ദുഷ്ഫലമാണ് ചേലക്കര, കോതമംഗലം പള്ളികളിൽ പിന്നീട് ഇതേ വിധിയുണ്ടായപ്പോൾ കണ്ടത്. ശ്രേഷ്ഠ കാതോലിക്കായും കുറേ അനുയായികളും അവിടെയെത്തി കുത്തിയിരുന്നു. ഉടനെ വിധിനടത്തിപ്പിന് സർക്കാർ സഡൻ ബ്രേക്കിടുന്നു!

ഇനി വിധി നടപ്പാക്കിക്കിട്ടുന്നതിന് എന്താണ് വഴി? ഒരു വഴിയേയുള്ളു. യാക്കോബായക്കാരേക്കാൾ ആക്രമശേഷിയുള്ളവരാണ് ഓർത്തഡോക്സ്കാർ എന്ന് അവർ തെളിയിക്കണം. കല്ലേറ്, തീവെപ്പ്, ബോംബ് സ്ഫോടനം, കൊല, കൂട്ടക്കൊല എന്നിവ അവർ ആരംഭിക്കണം. എന്നാലേ സർക്കാർ കണ്ണു തുറക്കൂ. അപ്പോൾ ആരാണ് നാട്ടിൽ ഭീകരവാദവും അക്രമവും വളർത്തുന്നത്?

ഏറ്റവും എളുപ്പവും അന്തസുറ്റതുമായ പണി രാജ്യ ഭരണമാണ്. അധ്വാനമില്ല, വെയിലും മഴയും കൊള്ളണ്ട എന്നുള്ളതൊന്നുമല്ല കാരണം. രാജ്യം ഭരിക്കാൻ വ്യക്തമായ നിയമങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ നിർമ്മിക്കാൻ നിയമനിർമ്മാണസഭയുണ്ട്. നിയമങ്ങൾ വ്യാഖ്യാനിക്കാൻ ജുഡീഷ്യറിയുണ്ട്. നടപ്പിലാക്കാൻ എക്സിക്യൂട്ടീവുണ്ട്. ഭരിക്കുന്നവർക്ക് വിവരക്കുറവുണ്ടെങ്കിലും വിവരമുള്ളവർ സഹായിക്കാനുമുണ്ട്. നേരും ചൊവ്വുമുള്ള ആർക്കും രാജ്യം നന്നായി ഭരിക്കാം. ഒന്നേ വേണ്ടൂ. ഭരണചക്രം തിരിക്കരുത്. നേരെ വിടുക. ഇടംകോൽ ഇടാതെയും ഇരിക്കുക. വോട്ടുബാങ്കിനുള്ള അവിഹിത ശ്രമവും വേണ്ട. എല്ലാം ശരിയാകും. ശരിയാക്കാം.

മെത്രാപ്പോലീത്തായുടെ കത്ത്

നിയമവിജയം സമാധാനം സൃഷ്ടിക്കണം-3

ഈ കത്തിന്റെ ശീർഷകം മറ്റൊന്നാകേണ്ടതായിരുന്നു എന്ന് എഴുതിവന്നപ്പോൾ എനിക്കു തോന്നി. കാരണം, കോടതി വിധി തീർപ്പിനോടുള്ള അനുകൂല പ്രതികരണം ഇരുവിഭാഗങ്ങളിൽ നിന്നും ഉണ്ടാകണമെന്നതാണ് കത്തിന്റെ താല്പര്യം. മാത്രമല്ല, കത്ത് അഭിസംബോധന ചെയ്യുന്നത് ഇരുപക്ഷങ്ങളെയുമാണ്; രണ്ട്കൂട്ടരുടെയും ശ്രദ്ധയ്ക്കും പരിഗണനയ്ക്കുമായിട്ടാണ്. 'കോടതി വിധിത്തീർപ്പ് സമാധാനം സൃഷ്ടിക്കുന്നതിനാകണം' എന്നാക്കിയിരുന്നെങ്കിൽ തലക്കെട്ടിനു കൂടുതൽ ആശയവ്യക്തത ഉണ്ടാകുമായിരുന്നുവെന്നു തോന്നുന്നു. എന്നിരുന്നാലും തുടർലേഖനമായതുകൊണ്ട് ഇടയിൽ വച്ച് ശീർഷകം മാറ്റുന്നില്ല. കോടതി പല ഘട്ടങ്ങളിലും തലങ്ങളിലുമായി പുറപ്പെടുവിച്ച വിധിത്തീർപ്പുകളെ ദൈവഹിതമെന്നു കണ്ട് സഭാപ്രശ്നത്തിന്റെ നിയമപരിഹാരമായി ഇരുപക്ഷങ്ങളും ആദരിച്ച് തങ്ങളുടെ വിധിയനന്തര നിലപാടുകൾ പുനർവിചിന്തന വിധേയമാക്കി സഭൈക്യത്തിനും സമാധാനത്തിനും വഴിയുണ്ടാക്കുകയാണ് വേണ്ടത് എന്ന ചിന്തയാണ് ഈ വിഷയം സംബന്ധിച്ച് ഒരു കത്തുകൂടി എഴുതുവാൻ എനിക്ക് പ്രേരണ നൽകിയത്. കോടതിയുടെ തീർപ്പുകളും ന്യായാധിപന്മാർ ഈ സഭയെ സംബന്ധിച്ച് ഉയർത്തുന്ന അവരുടെ കരുതലും (concerns) നാം ഉൾക്കൊള്ളേണ്ടതാണ്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ സമാധാനമുണ്ടായെങ്കിലേ സഭയുടെ സാക്ഷ്യത്തെയും നിലനിൽപിനെയും പറ്റി നമുക്ക് ചിന്തിക്കാനാവൂ.

സഭാകേസിന്റെ വിചാരണയിൽ കോടതി ഭിന്നിച്ചു നിൽക്കുന്ന ഈ സഭാസമൂഹത്തിൽ നടന്ന രാഷ്ട്ര-സഭാ നിയമലംഘന നടപടികൾ അന്വേഷിച്ചും പരിശോധിച്ചും വിലയിരുത്തുകയാണുണ്ടായത്. കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നിയമപരമായി ശരിയെന്തെന്ന് വ്യക്തത വരുത്തി വിധിത്തീർപ്പ് നൽകി. 1995-ലെ വിധിയിൽ സുപ്രീംകോടതി കക്ഷികളുടെ നിയമവിരുദ്ധ നടപടികൾ ചൂണ്ടിക്കാണിച്ചും നിലവിലിരുന്ന സംവിധാനങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങളോടെയും നീതിപൂർവകമായ സഭൈക്യ സാധ്യതയായിരുന്നു ലക്ഷ്യമിട്ടത്. പാത്രിയർക്കീസ് കക്ഷിയിലെ പ്രബലവിഭാഗം ആ വിധി അനാദരിച്ച്, സ്വയം സംഘടിച്ച്, ഭരണഘടനയും ഭരണസംവിധാനവും നിയമവിരുദ്ധമായി സൃഷ്ടിച്ച് വീണ്ടും തർക്കമുന്നയിച്ചു. തർക്കവിഷയങ്ങൾ കോടതി വീണ്ടും വിശദമായി പഠിച്ച് 2017 ജൂലൈ 3 ന് കൂടുതൽ വ്യക്തമായ വിധിന്യായം പുറപ്പെടുവിച്ചു. ഇങ്ങനെ സഭാവിഷയം സംബന്ധിച്ച നിയമപരമായ തർക്കങ്ങളെല്ലാം അവസാനിച്ചതായി പരിഗണിച്ച് ഈ വിധിത്തീർപ്പ് ജയപരാജയങ്ങളുടെ പരിപ്രേക്ഷ്യത്തിൽ കാണാതെ, നിയമപരമായ സത്യം തിരിച്ചറിഞ്ഞ് ഭിന്നത അവസാനിപ്പിക്കുവാനുള്ള അവസരമായി കാണേണ്ടതായിരുന്നു. അതുവഴി സഭയുടെ നഷ്ടപ്പെട്ട പ്രതിച്ഛായ വീണ്ടെടുക്കുവാനും സാക്ഷ്യം, വെല്ലുവിളികൾ, ഭാവി എന്നിവയെല്ലാം പരിഗണിച്ച് ഐക്യവും സമാധാനവും സൃഷ്ടിക്കുവാനുമുള്ള ശ്രമം നടത്താമായിരുന്നു. യഥാർത്ഥത്തിൽ അതായിരുന്നു കോടതിവിധിയുടെ താല്പര്യവും സഭയുടെ അഭിലാഷവും ദൈവേഷ്ടവും കാലഘട്ടത്തിന്റെ ആവശ്യവും. അതായത് നിയമം അനുശാസിക്കുന്ന വിധത്തിലുള്ള ചട്ടക്കൂടിൽ നിയമസാധുതയും നിലനിൽപ്പുമുള്ള യോജിപ്പുണ്ടാക്കി ഇന്നത്തെ അപഹാസ്യമായ അവസ്ഥ മാറ്റിയെടുക്കേണ്ടതായിരുന്നു. അങ്ങനെ സുവിശേഷത്തിനും നിയമങ്ങൾക്കും വിലകല്പിക്കുന്ന ഒരു പൗരാണിക ക്രൈസ്തവ സമൂഹമായി നമുക്ക് പരിണമിക്കാമായിരുന്നു. നിർഭാഗ്യവശാൽ അതിനുള്ള ആത്മാർത്ഥമായ സമീപനം ഇരുപക്ഷത്തെയും അധികാരത്തലപ്പത്തു നിന്നുണ്ടായില്ല. അംഗീകൃതമായ ഒരു ഭരണഘടനയും സംവിധാനങ്ങളുമുള്ള ഓർത്തഡോക്സ് സഭയുടെ നിലനിൽപിന് യാക്കോബായ പക്ഷവുമായുള്ള ഐക്യം ഒരു പക്ഷേ അനിവാര്യമല്ലായിരിക്കാം. എങ്കിലും അനുരഞ്ജനം അവർക്കും ഏറെ ഗുണകരമാകുമായിരുന്നു. അധികാരസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധം നിർവ്വചിക്കപ്പെടാത്ത, തീരുമാന സ്വാതന്ത്ര്യം ഇല്ലാത്ത, നിയമപരമായി സാധുതയില്ലാത്ത ഒരു സമൂഹമെന്ന നിലയിൽ പാത്രിയർക്കീസ് വിഭാഗത്തെ സംബന്ധിച്ച് ഈ പുനരൈക്യം അനിവാര്യമായിരുന്നു. അത് തിരിച്ചറിയാനുള്ള ദീർഘദൃഷ്ടിയോ, സഭാസ്നേഹമോ, നിയോഗബോധമോ ആ കൂട്ടർക്ക് ഒട്ടും ഇല്ലാതെപോയി.

സഭാതർക്കം നിയമപരമായ ഒരു വിഷയം മാത്രമായി പരിമിതപ്പെടുത്താൻ ആവാത്ത ഒരു ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്നു എന്ന വസ്തുത വിസ്മരിക്കുന്നില്ല. അധികാര, വ്യക്തിവിരോധ കാര്യങ്ങൾ നിയമതർക്കമായി വളർന്ന്

പിന്നീടത് ചരിത്ര-വേദശാസ്ത്ര-സാമൂഹിക, വൈകാരിക വിഷയമായി പരിണമിക്കുകയായിരുന്നു. അതുകൊണ്ട് സിവിൽകോടതിവിധിക്കപ്പുറം മേൽപ്പറഞ്ഞ മേഖലകളിലും സ്വരച്ചേർച്ചയും സമന്വയവും കൈവരിക്കേണ്ടതുണ്ട്. അതായത് സഭൈക്യം ഇന്നൊരു ലളിതമായ പ്രശ്നം അല്ലാതായിത്തീർന്നിരിക്കുന്നു. നിലനിൽപ്പുള്ള സമാധാനത്തിനുവേണ്ടി നിയമേതര വിഷയങ്ങളിലും സംയുക്തമായ ആലോചനകളിലൂടെ ഒരു സ്വരലയം ആവശ്യമായിത്തീർന്നിരിക്കുന്നു എന്നർത്ഥം. അതാകട്ടെ, സഹകരിച്ചുള്ള അന്വേഷണത്തിന്റെ ഫലമായിരിക്കുകയും വേണം. അതിനുവേണ്ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ ഐക്യപ്പെട്ട്, സത്യാന്വേഷണ-അനുരഞ്ജന പ്രക്രിയ സഭയിൽ ആരംഭിക്കേണ്ടതുണ്ട്. കോടതിവിധി അംഗീകരിച്ച് നിയമപരമായി സംയോജിച്ച സഭയിലായിരിക്കണം ഈ സമഗ്ര ഐക്യപ്രക്രിയ നടക്കേണ്ടത്.

അതുകൊണ്ട് സഭയുടെ ചരിത്രത്തിൽ അന്തർഭവിച്ച വീഴ്ചകൾ അന്വേഷിച്ച് സംയുക്തമായി സത്യം കണ്ടെത്തുവാനും അതുവഴി സ്വയം തിരുത്തലുകൾ വരുത്തുവാനും ആശയപരവും, വൈകാരികവുമായ ഒരു ശാശ്വത ഐക്യത്തിലേക്ക് ഇരുവിഭാഗങ്ങളെയും നയിക്കുവാനും ഇത് സഹായകമാകും. ഇതിനായി നാം വസ്തുതകൾ തിരിച്ചറിയേണ്ടതുണ്ട്. തിരിച്ചറിയുന്ന സത്യം സഭയെ അക്ഷയമായ സമാധാനത്തിലേക്ക് നയിക്കുകതന്നെ ചെയ്യും. ഇതിന്റെ പ്രാരംഭമായി തിരുവസ്ത്രങ്ങൾ പുതച്ചുമൂടി വി. മദ്ബ്ഹായിൽ ഇരുന്നുപോലും അന്യോന്യം ഭള്ളു പറയുന്നരീതി സഭാപിതാക്കന്മാർ അവസാനിപ്പിക്കുവാൻ സത്വരമായി സന്മനസ്സു കാണിക്കണം. സുബോധമുള്ള വൈദീക-ആത്മായ സഭാംഗങ്ങൾ എത്രമാത്രം ഉത്കണ്ഠയോടും അവജ്ഞയോടുമാണ് ഈ വികടഭാഷണങ്ങൾ പുച്ഛിച്ചു തള്ളുന്നതെന്ന് വൈതാളികരാൽ ചുറ്റപ്പെട്ട് കഴിയുന്ന സഭാനായകർ അറിയാതെ പോകുന്നു എന്നത് വല്ലാത്ത ദുഃസ്ഥിതിയാണ്.

ഭിന്നതയും വിഭാഗീതയും ഉണ്ടാകുന്നതോടെ മിക്കവർക്കും പിടിപെടുന്ന തിമിരവും അന്ധതയും സഭാവഴക്കിലും അംഗങ്ങളെ കാര്യമായി ബാധിക്കുന്നുണ്ട്. അതോടെ മതഭ്രാന്ത് ബാധിച്ച നേതാക്കളുടെ വാക്കുകളും പ്രവൃത്തികളും അനുയായികൾക്ക് മാതൃകയും പ്രമാണവുമായി മാറുന്നു. ആത്മീയ സ്വാധീനവും, ധാർമ്മിക ബോധവും സ്വയവിമർശനശേഷിയും അവർക്കെല്ലാം പൂർണമായി നഷ്ടപ്പെടുന്നു. അത് സംഭവിക്കാത്തവരിൽ പോലും ശരി പറയാനുള്ള ധൈര്യവും ആർജ്ജവവും സ്വന്തം മനഃസാക്ഷിയോടു പോലും അഭിപ്രായം ആരായുന്നതിനുള്ള കരുത്തും ബൗദ്ധിക സത്യസന്ധതയും മങ്ങിമായുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ പക്ഷങ്ങൾ അകലുന്നു. പരസ്പരവിശ്വാസം കൂപ്പുകുത്തുന്നു. ഭിന്നത ശാശ്വതമാകുന്നു.

സഭയിൽ കക്ഷിതിരിവ് വന്ന ശേഷം ഇരുവിഭാഗങ്ങളിലുമുണ്ടായ തനതായ വേദശാസ്ത്രഭാഷ്യം, ചരിത്രവ്യാഖ്യാനം, കാഴ്ചപ്പാടുകൾ, കക്ഷിസ്വത്വം എന്നിവ ഭിന്നത ശക്തമാക്കുന്നു. പിന്നെ സഭാതാല്പര്യമല്ല, കക്ഷിതാല്പര്യമാണ് പ്രധാനം. ഇങ്ങനെ വരുത്തിക്കൂട്ടുന്നത് അവരവരുടെ ചെയ്തികൾ സാധൂകരിക്കുവാനും മറുഭാഗത്തേയ്ക്ക് സ്വന്തം അണികളിൽ നിന്ന് ചോർച്ചയുണ്ടാകാതിരിക്കാനും വേണ്ടിയുള്ള തന്ത്രമായി വിലയിരുത്തപ്പെടേണ്ടതാണ്. അതുകൊണ്ട് സത്യാന്വേഷണം ഇരുപക്ഷങ്ങളിലുമുള്ളവരുടെ സംയോജിത സംരംഭമായിത്തന്നെ നടക്കേണ്ടതുണ്ട്. എങ്കിലേ അനുരഞ്ജനത്തിന് ആവശ്യമായ പശ്ചാത്തലം ഒരുക്കുവാൻ സാധ്യമാവൂ. അല്ലാത്തപക്ഷം സിവിൽ കോടതിവിധിയുടെ ഫലമായി സൃഷ്ടിക്കപ്പെടുന്ന ഐക്യം നിലവിൽ വന്നശേഷവും അവരവരുടെ മുൻവിധികളും, നിലപാടുകളും, ചരിത്രഭാഷ്യവും, വേദശാസ്ത്രവുമെല്ലാം സാധൂകരിച്ചുകൊണ്ടിരിക്കുകയും അവസരം വരുമ്പോൾ പുതിയ പിളർപ്പിന് വഴിയൊരുക്കുകയും ചെയ്യും. കേസിൽ ജയിച്ച കക്ഷിയിൽ സൃഷ്ടിക്കുന്ന ആധിപത്യമനോഭാവവും പരാജയത്തിന്റെ ഉല്പന്നമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അപകർഷതാബോധത്തിൽ നിന്നുളവാകുന്ന മറുകക്ഷിയുടെ വിദ്വേഷ പ്രകടനവും പാടെ നീങ്ങണമെങ്കിൽ നിയമാടിസ്ഥാനത്തിലുള്ള ഐക്യം മാത്രം പോരാ. സംയുക്തമായി നടക്കുന്ന സത്യാന്വേഷണ പ്രക്രിയയിലൂടെ മാത്രമേ ആധികാരികമായ സഭാശാസ്ത്രവും ചരിത്രവും വിചാരസ്വാതന്ത്ര്യവും സൃഷ്ടിക്കപ്പെടുകയുള്ളൂ. സത്യത്തിന്റെ തിരിച്ചറിവും പുനഃസ്ഥാപനവും മൂലമേ ആത്യന്തികമായ ഐക്യത്തിലും സമാധാനത്തിലും സഭയെ എത്തിക്കുകയുള്ളൂ.

ഈ പ്രക്രിയ ആരംഭിക്കണമെങ്കിൽ ആദ്യം ഉണ്ടാകേണ്ടത് സഭയിൽ ഐക്യത്തിന്റേയും സമാധാനത്തിന്റേയും ആവശ്യബോധമാണ്. കൂടാതെ ഭിന്നിച്ചു നിൽക്കുന്നത് സഭയെ സംബന്ധിച്ചിടത്തോളം പ്രതിസാക്ഷ്യമാണെന്നും അത് ക്രിസ്തുവിനോടും സഭാനിയോഗത്തോടുമുള്ള ധിക്കാരവും മറുതലിപ്പുമാണെന്നുമുള്ള തിരിച്ചറിവും ഉണ്ടാകണം. ഇപ്പോൾ ഇരുവിഭാഗങ്ങളുടെയും നേതൃത്വത്തിനുള്ള സ്വയംപര്യാപ്തതാബോധവും മറുഭാഗത്തെക്കുറിച്ചുള്ള അവജ്ഞയും സഭയെയും അതിന്റെ മൂലവിളിയെയും കുറിച്ചുമുള്ള അജ്ഞതയും പൊതുസമൂഹത്തിൽ സഭാവഴക്ക് സൃഷ്ടിച്ച നാണക്കേടിനെപ്പറ്റിയുള്ള

അറിവില്ലായ്മയുമെല്ലാം സമാധാനത്തിന്റെ ആവശ്യബോധം പോലും ഇല്ലാതാക്കുന്നു. ഇപ്പോൾ രണ്ടുവിഭാഗക്കാർക്കും ആവശ്യ ത്തിലേറെ സമ്പത്ത്, സ്ഥാപനങ്ങൾ, മെത്രാന്മാർ, ആജ്ഞാനുവർത്തികളായ അനുയായികൾ എന്നിവയെല്ലാമുള്ളപ്പോൾ ഭിന്നതമൂലമുണ്ടായ ആൾ-പ്രതിച്ഛായ നഷ്ടങ്ങൾ അനുഭവപ്പെടുന്നുമില്ല. എന്തിനാണ് ഐക്യം എന്ന ചിന്തയാണ് അവശേഷിക്കുക. ഈ സ്വ യംപര്യാപ്ത താബോധം ദൈവനിയോഗവുമായി പൊരുത്തപ്പെടുന്നു ണ്ടോ എന്ന ചോദ്യം ഇവിടെ അപ്രസക്തമായി ഭവിക്കുന്നു. പിന്നെ സഭ യോജിച്ചാലുണ്ടാകാവുന്ന നഷ്ടങ്ങളുടെ കണക്കുകൾ ഉദ്ധരിച്ച് ഐക്യനിഷേധത്തിനുള്ള കാരണങ്ങൾ ഗണിച്ചുകൂട്ടുന്നു. അങ്ങനെ വരുമ്പോൾ സഭാവഴക്ക് മൂലം സംഭവിക്കുന്ന ധാർമ്മിക-ആദ്ധ്യാത്മിക തകർച്ചകൾ, അഴിമതി, വിശ്വാസികളുടെ ചോർച്ച എന്നിവയും അതുകൊണ്ട് നഷ്ടമാകുന്ന സഭയുടെ നല്ലഭാവി, യുവജനങ്ങളിലുണ്ടാകുന്ന വിശ്വാസത്തകർച്ച, തീവ്രവാദത്തിന്റെ വേലിയേറ്റം എന്നിവയൊന്നും ആരുടെയും തന്നെ ചിന്തയ്ക്ക് വിഷയമാകാതെ പോകുന്നു. വൈദീക സെമിനാരികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് പുറംലോകം പോലും അറിയുന്ന ശിക്ഷണരാഹിത്യവും തോന്ന്യാസങ്ങളും, വൈദീക-മേല്പ്പട്ട മേഖലകളിൽ വ്യാപകമായി വരുന്ന അഴിമതി, അനാശാസ്യത എന്നിവയും അപൂർവ്വം ചിലരുടെ പേരിലുള്ള ആരോപണമായി അവഗണിക്കാനോ നിസ്സാരവത്ക്കരിക്കാനോ സാധ്യമല്ല. സഭയിൽ അടിമുടി വ്യാപിച്ചിരിക്കുന്ന ജീർണ്ണതയുടെ ലക്ഷണമായി മനസ്സിലാക്കി പരിഹാരം കണ്ടേപറ്റൂ. സഭയിൽ ഉയർന്നുവന്നിരിക്കുന്ന അഴിമതി ആരോപണങ്ങൾ ശ്രദ്ധിക്കാതെയും സംശയാസ്പദ ബന്ധങ്ങളിൽ പെട്ടവരെ അകറ്റി നിർത്താതെയും അവരെ കൂടെക്കൂട്ടി സഭാഭരണം നടത്തുന്ന രീതി സഭയിൽ മുമ്പെങ്ങും കേട്ടുകേൾവി പോലും ഇല്ലാത്തതാണ്. എന്നാൽ ചിന്താശേഷിയുള്ളവരും പരിണിത പ്രജ്ഞരുമായ വൈദീക-ആത്മായ നേതാക്കന്മാർ സൗകര്യപൂർവ്വം മൗനവും നിഷ്ക്രിയത്വവും അവലംബിക്കുന്നു എന്നുള്ളത് ഒരു ദുഃഖസത്യമാണ്. സഭാന്തരീക്ഷത്തിൽ നിലനിൽക്കുന്ന ഭിന്നതയും ദുർനടപടികളുമെല്ലാം തുടർന്ന് സഭയുടെ ജീർണ്ണതയ്ക്കും നാശത്തിനും വഴിയൊരുക്കുകയാണ്. ഈ അവസ്ഥയ്ക്കുള്ള ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കാതെ പ്രതിസ്ഥാനത്തു നിൽക്കുന്നവരെ ചൂണ്ടി നിയമം നിയമത്തിന്റെ വഴിയിൽ പോകട്ടെ എന്ന പ്രസ്താവന ഇറക്കിയും പുറത്തുവരാത്ത തങ്ങളുടെ ഇതിലും കടുത്ത അഴിമതികളെ മൂടിവച്ചും ആരോപണവിധേയരെ തള്ളിപ്പറഞ്ഞ് സ്വയം നീതീകരിച്ച് ആത്മപ്രശംസ നടത്തുകയും ചെയ്യുന്ന സഭാനേതാക്കന്മാരുടെ രീതി സഭയ്ക്ക് ഗുണകരമല്ല.

അതുപോലെ ഇന്ത്യയിലെ ഇന്നത്തെ മത-രാഷ്ട്രീയ മേഖലകളിൽ ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ സഭ വസ്തുതാപരമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. അത് മനസ്സിലാക്കാതെയാണ് സഭയിലെ അനൈക്യവും തമ്മിലടിയും തുടരുന്നത്. ക്രൈസ്തവർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന നിയമാനുസൃതമായ അവകാശ-സ്വാതന്ത്ര്യങ്ങളുടെമേൽ പുതിയ രാഷ്ട്രീയ ചുറ്റുപാടിൽ കരിനിഴൽ വീഴുകയാണ്. ഈ സാഹചര്യത്തിൽ സഭയ്ക്കുള്ളിൽ ഐക്യവും സമാധാനവും ചുറ്റുപാടുകളെക്കുറിച്ചുള്ള അവബോധവും വളർത്തിയെടുക്കേണ്ടതുണ്ട്. സഭയുടെ നിലനിൽപ്പും ജീവിതവും അപകടത്തിലാക്കുന്ന ഭിന്നതകൾ അവസാനിപ്പിച്ച് ഇന്ത്യയിലെ ക്രൈസ്തവർ പൊതുവായി നേരിടുന്ന വിഷമതകൾ പഠന-ആലോചനാവിഷയങ്ങൾ ആക്കേണ്ട സന്ദർഭമാണിത്. അതായത് സഭയുടെ സമാധാനശ്രമങ്ങൾക്ക് വ്യാപകമായ അർത്ഥസൂചനകൾ കണ്ടെത്തുന്നതിൽ നാം പരാജയപ്പെടുന്ന ചുറ്റുപാടിൽ ഈ ചിന്തകൾ നേതൃത്വത്തിലും സമിതികളിലും എത്തിക്കുവാൻ സംഘടിതമായ ജനകീയ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സഭാസമാധാനത്തെപ്പറ്റി നിരന്തരം പറയുകയും എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്ന കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തായും ഭദ്രാസന നേതൃത്വവും എന്തിനാണ് വ്യവഹാരങ്ങൾ ഊർജ്ജിതമായി നടത്തുന്നത് എന്ന ചോദ്യം ഉയർന്നു കേൾക്കുന്നുണ്ട്. വ്യക്തമായ മറുപടി അർഹിക്കുന്ന ചോദ്യമാണിത്. ഓർത്തഡോക്സ് സഭാനേതൃത്വത്തിന് മലങ്കരസഭയിൽ ഐക്യം ഉണ്ടാകണമെന്ന കാര്യത്തിലുള്ള ആത്മാർത്ഥത സംശയിക്കപ്പെടുന്ന സാഹചര്യത്തിൽ ഈ ഭദ്രാസനം അതിന്റെ പ്രത്യേക ചരിത്രപശ്ചാത്തലത്തിൽ നിന്നുകൊണ്ട് സഭൈക്യത്തിനു വേണ്ടി ക്രിയാത്മകമായ നിലപാടാണ് എടുത്തിട്ടുള്ളത്. ഏതെങ്കിലും മാർഗ്ഗത്തിൽ ഏതാനും ചില പള്ളികളുടെയും സ്വത്തിന്റെയും മേലുള്ള നിയന്ത്രണാവകാശവും ഉടമസ്ഥതയും നേടി ''കേസ് ജയിച്ചേ'' എന്ന് വിളിച്ചു പറയുകയല്ല ഈ ഭദ്രാസനം ലക്ഷ്യം വയ്ക്കുന്നത്. ഇവിടത്തെ വിശ്വാസ സമൂഹത്തിന്റെ ഐക്യമാണ് മുമ്പിൽ കാണുന്നത്. ഈ ഐക്യം കൈവരിക്കുന്നതിന് നിയമത്തിന്റെ കർശനമായ നടത്തിപ്പും, നിസ്വാർത്ഥതയും, വിശ്വാസികളായി മറുഭാഗത്ത് നിന്നവരോട് തുറന്ന സമീപനവുമാണ് അനുവർത്തിക്കുന്നത്. അതായത് ഇടവകക്കാരിൽ ഭൂരിഭാഗവും മറുചേരിയിലാണ് എങ്കിലും വിധി അംഗീകരിച്ച് ഐക്യപ്പെട്ടാൽ വി

വേചനമില്ലാത്ത കൂട്ടായ്മ സൃഷ്ടിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗങ്ങളാണ് വ്യവഹാരങ്ങൾ. അതായത് പള്ളി പിടിച്ചെടുക്കുന്നതിനല്ല, ഇടവകകളിൽ നീതി നടപ്പാക്കുന്നതിനും അതുവഴി ഐക്യവും സമാധാനവും സൃഷ്ടിക്കുന്നതിനുമാണ് ഭദ്രാസന നേതൃത്വത്തിന്റെ ഉദ്യമം. വിഘടിച്ചു നിൽക്കുന്നവരെ നിയമം അനുശാസിക്കുന്ന തരത്തിലുള്ള സംവിധാന സൃഷ്ടിയിലൂടെ സഹകരിപ്പിച്ച് ഐക്യസ്ഥാപനത്തിനാണ് ശ്രമിച്ചത്. നിയമം സ്ഥാപിച്ച് നീതിപൂർവ്വമായ ഐക്യമാണ് വ്യവഹാരത്തിന്റെ ഉദ്ദേശ്യം. നിയമത്തിന്റെ നടപ്പാക്കൽ ഐക്യത്തിന്റെ പുനസ്ഥാപനത്തിനാണ് എന്ന് ചുരുക്കം. അങ്ങനെ പള്ളിഭരണം വ്യവസ്ഥാപിതവും നീതിപൂർവ്വകവും ആക്കാനുള്ള തുറന്ന സമീപനമാണ് ഈ ഭദ്രാസനം അവലംബിക്കുന്നത്. അതുകൊണ്ടുതന്നെ ഇടവക സ്വത്തുക്കളുടെ പങ്കുവയ്ക്കൽ ഒരിക്കലും അംഗീകരിക്കുന്നുമില്ല. അതായത് കേസ് നടത്തിപ്പ് മറുഭാഗത്തുള്ളവരെക്കൂടി അനുരഞ്ജന ശുശ്രൂഷയിലേക്ക് നയിക്കുവാൻ യാഥാർത്ഥ്യബോധത്തോടെയുള്ള ശ്രമമാണ്. വ്യവഹാരം കർശനവും സംവേദനക്ഷമവുമായ രീതിയിലാണ് നടത്തപ്പെടുന്നത്. ലക്ഷ്യം ഐക്യവും സമാധാനവും മാത്രം.

സത്യം തിരിച്ചറിയുന്നതുവഴി മാത്രമേ ഐക്യവും സമാധാനവും സാധ്യമാകുകയുള്ളൂ. ഓരോ വിഷയത്തിലും അത് എങ്ങനെ സാധിക്കാമെന്നത് കണ്ടെത്തേണ്ടതുണ്ട്. കുറ്റമറ്റരീതിയിൽ സത്യാഭിമുഖ്യത്തിൽ ചരിത്രപഠനം നടത്തുക അതിനാവശ്യമാണ്. ഇത് കഴിഞ്ഞ കാലത്ത് ഇരുപക്ഷത്തും സംഭവിച്ച പിശകുകൾ തിരിച്ചറിയുവാനും തിരുത്തുവാനും അവസരം നൽകും. ഇതുവരെ ഇരുകൂട്ടർക്കും വന്ന വിനകൾക്കെല്ലാമുള്ള ഉത്തരവാദിത്തം പരസ്പരം എതിർപക്ഷത്തിന്മേൽ കെട്ടിവച്ച്, സ്വയം നീതീകരിക്കുകയായിരുന്നു പതിവ്. വഴക്കിനിടയിൽ ഇത് സ്വാഭാവികമാണ്. തുറന്ന മനസ്സോടെ വസ്തുതകളെ സമീപിക്കുമ്പോൾ ചരിത്രസത്യങ്ങൾ ശരിയായി തിരിച്ചറിയുവാനും അതുവഴി തെറ്റുധാരണകളിൽ നിന്നും മുൻവിധികളിൽ നിന്നും സ്വതന്ത്രമാകുവാനും സാധിക്കുന്നു. മലങ്കരസഭ എന്നും സ്വതന്ത്രവും സത്യവഴിയിൽ മാത്രം സഞ്ചരിച്ചിട്ടുള്ളുതും സ്വത്വബോധമുള്ളതുമായ ക്രൈസ്തവ സമൂഹമായിരുന്നുവെന്നും അതിന്റെ ചരിത്രം അധീശത്വശക്തികളോടുള്ള പോരാട്ടത്തിന്റെ നാൾവഴിയാണ് എന്നുമാണ് ഓർത്തഡോക്സ്കാരായ നമ്മിൽ പലരുടെയും ചിന്താഗതി. മാർത്തോമ്മാ ശ്ലീഹാ ഇവിടെ വന്നിട്ടുണ്ടെങ്കിൽ ആ കാലം മുതൽ പ. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര വരുതിയിൽ കഴിഞ്ഞുകൂടിയവരാണ് മലങ്കരയിലെ ക്രിസ്ത്യാനികൾ എന്നാണ് പാത്രിയർക്കീസ് കക്ഷിക്കാരുടെ വിശ്വാസം. ഈ മേൽക്കോയ്മയ്ക്കെതിരെ വ്യക്തികളും ഇതര വൈദേശിക സഭകളും നടത്തിയിട്ടുള്ള കടന്നുകയറ്റമാണ് സഭയിൽ പിളർപ്പുകൾ ഉണ്ടാക്കിയതെന്നും അവർ സഭാചരിത്രത്തെ വ്യാഖ്യാനിക്കുന്നു. ഇത്തരം വാദങ്ങൾ സംയുക്തമായി വിമർശനബുദ്ധ്യാ പഠിച്ച് വിലയിരുത്തുമ്പോൾ കക്ഷികളുടെ സമീപനം കുറേക്കൂടി യാഥാർത്ഥ്യബോധമുള്ളതും തിരുത്തലുകൾക്ക് വശംവദവുമായിത്തീരും. അങ്ങനെ ഗതകാല ചരിത്രത്തിൽ തങ്ങളുടെ കക്ഷിചരിത്രം ആശയവത്ക്കരിച്ചും മറുഭാഗത്തെ നിലപാടുകളെ ആക്ഷേപവത്ക്കരിച്ചും സൃഷ്ടിച്ച രചനകളിൽ വന്നുകൂടിയ പിശകുകൾ പരിഹരിച്ചും ഇരുവിഭാഗങ്ങളിലും ശരിയായ ചരിത്രബോധവും ഐക്യതാല്പര്യവും ജനിപ്പിക്കുവാൻ കഴിഞ്ഞാൽ തിരിച്ചറിവുണ്ടാകും; വിദ്വേഷം കുറയും; സത്യം ഐക്യത്തിലേക്ക് വഴികാണിക്കുകയും ചെയ്യും. വിഭാഗീയ ജ്വരത്താൽ സ്വാധീനിക്കപ്പെട്ട, തിരിച്ചറിവില്ലാത്ത, ശരിയായ ചരിത്രജ്ഞാനമില്ലാത്ത വായാടിത്തമാണല്ലോ ഇപ്പോഴത്തെ പ്രശ്നങ്ങൾ അധികവും സൃഷ്ടിക്കുന്നത്. ഇതിന് സംയുക്തവും, ശരിയായ രീതിശാസ്ത്രം അനുസരിച്ചുള്ളതും നിഷ്പക്ഷവുമായ ചരിത്രാന്വേഷണവും രചനയും ഒരു പരിധിവരെയെങ്കിലും പരിഹാരമാകും.

വിവേകപൂർവ്വവും വാസ്തവീകവുമായ ചരിത്രബോധം പോലെ ആധികാരികമായ ഒരു സഭാശാസ്ത്രവും അത്തരത്തിലുള്ള ഒരു പഠനവും ഇല്ലാതെ പോയതാണ് സഭാവിഭജനങ്ങൾക്കും പ്രതിസന്ധികൾക്കും എന്നും കാരണമായിട്ടുള്ളത്. അവ ഇനിയും സംഭവിക്കാതിരിക്കാൻ കിഴക്കൻ സഭകളുടെ പൊതുവായ വേദശാസ്ത്രവും ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സഭാവിജ്ഞാനീയവും മനസ്സിലാക്കി തദ്ദേശീയമായ ഒരു ചരിത്ര-സാംസ്ക്കാരിക പശ്ചാത്തലവും കാലത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും പരിഗണിച്ചുകൊണ്ട് സഭാശാസ്ത്ര സൃഷ്ടി നടത്തേണ്ടതുണ്ട്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാര പ്രയോഗത്തിൻ കീഴിൽ കഴിഞ്ഞുകൂടിയാലേ ഒരു ആരാധനാ സമൂഹം സഭയായിത്തീരുകയുള്ളൂവെന്നും രക്ഷ പ്രാപിക്കുകയുള്ളൂവെന്നും അതാണ് സത്യവിശ്വാസത്തിലുള്ള നിലനിൽപ്പ് എന്നും പാത്രിയർക്കീസ് കക്ഷിയിലെ വിദ്യാഭ്യാസമുള്ള മേൽപ്പട്ടക്കാർ പോലും വിളിച്ചുപറഞ്ഞ് സമാന്യജനത്തെ തെറ്റിദ്ധരിപ്പിക്കുന്നതിൽ വിജയിക്കുന്നത് ആധികാരികമായ ഒരു സഭാവിജ്ഞാനീയം രൂപപ്പെടുകയോ സഭാംഗങ്ങളിൽ എത്തുകയോ ചെയ്യാത്തതിന്റെ ഭവിഷ്യത്താണ് സൂചിപ്പിക്കുന്നത്. മേൽപ്പറഞ്ഞ വിധത്തിലുള്ള ഒരു വിശ്വാ

സം പൗരസ്ത്യ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്നു പോലും പുലർത്തുന്നില്ല. പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് പോലും ഇതര ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധത്തിൽ ഈ വാദം ഉന്നയിക്കാറില്ല. ഒരു പൗരസ്ത്യസഭയും വിശ്വസിക്കാത്ത ഇങ്ങനെ ഒരു കാര്യം എങ്ങനെ സത്യവിശ്വാസമാകും? അന്ത്യോഖ്യായുടെ ഭരണത്തിൻ കീഴിൽ മലങ്കരയിലെ ജനത്തെ നിർത്തി ചില നേട്ടങ്ങൾ കൈവരിക്കാനുള്ള ഇവിടെയുള്ള ചില സഭാനേതാക്കന്മാരുടെ ഒരു തന്ത്രമായി ഈ വിശ്വാസസംരക്ഷണത്തെ തിരിച്ചറിയേണ്ടിയിരിക്കുന്നു. സത്യവിരുദ്ധമായ വിശ്വാസങ്ങളിൽ നിന്ന് സഭാംഗങ്ങൾ മോചനം പ്രാപിച്ചെങ്കിലേ സത്യത്തിന്റെ ആത്മാവിന് പ്രവർത്തിക്കുവാനാവൂ. മലങ്കരസഭയുടെ നേതാക്കളും ചില അവ്യക്തതകളുടെ സ്വാധീനത്തിലാണ്. മലങ്കര സഭ ആഗോളമാണ് (universal), ദേശീയമാണ് (national), സ്വയം ശീർഷകത്വമുള്ളതാണ് (auto-cephalous), മലങ്കരയിലെ കാതോലിക്കേറ്റ് തൈഗ്രീസിലേത് മാറ്റി സ്ഥാപിക്കപ്പെട്ടതാണ്, ഇത് സ്വതന്ത്ര കാതോലിക്കേറ്റ് ആണ്. എന്നിങ്ങനെ പരസ്പര വിരുദ്ധവും ആശയ ക്ലിപ്തതയില്ലാത്തതുമായ ധാരാളം പ്രസ്താവനകൾ ഓർത്തഡോക്സ് സഭാനേതാക്കന്മാരും പുറപ്പെടുവിക്കുന്നുണ്ട്. സാഹചര്യമനുസരിച്ച് വേദശാസ്ത്രം സൃഷ്ടിക്കുന്നതിൽ അവരും പിന്നിലല്ല. സഭാ വഴക്കുകാലത്ത് കാര്യസാധ്യത്തിനായി ഓരോ സമയത്ത് ആലോചനയില്ലാതെ അവലംബിക്കുന്ന നിലപാടുകൾ സൃഷ്ടിക്കുന്നതാണ് ഇതുപോലെയുള്ള വിരുദ്ധചിന്തകൾ. ഓർത്തഡോക്സ് സഭയിൽ നിലനിൽക്കുന്ന സഭാവിജ്ഞാനീയം സംബന്ധിച്ച അവ്യക്തതകൾ തീർക്കുക, ആശയങ്ങൾ പരസ്പരാനുയുക്തമാക്കുക മുതലായവയെല്ലാം ഇന്നിന്റെ ആവശ്യമാണ്. ആധികാരികമായ സഭാവിജ്ഞാനീയത്തിന്റെ രൂപീകരണം ഇരുവിഭാഗങ്ങളിലും സംഭവിച്ചിരിക്കുന്ന പിഴവുകൾ പരിഹരിക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും അവ്യക്തതകൾ നീക്കുന്നതിനും സഭൈക്യം ശാശ്വതമാക്കുന്നതിനും സഹായകമാണ്. സഭാവിജ്ഞാനീയ രേഖകളുടെ രചന സഭൈക്യ പ്രക്രിയയുടെ ഒരു സവിശേഷ പരിപാടി ആക്കേണ്ടതുണ്ട്. വിശ്വാസത്തിന്റെയും സഭാഘടനയുടെയും പേരിൽ ഇന്ന് നിലനിൽക്കുന്ന അവ്യക്തതകളും പിശകുകളും ഇതുവഴി നീങ്ങിക്കിട്ടുകയും ചെയ്യും. അതോടെ എല്ലാ സഭാംഗങ്ങളും സഭാജീവിതത്തിലും സംവിധാനത്തിലും പങ്കാളിത്തമുള്ള സജീവ കൂട്ടായ്മയായി പരിണമിക്കും.

സഭാതർക്കവും അതിന്റെ പരിഹാരശ്രമങ്ങളും ഒരു സാമൂഹ്യ വിഷയംകൂടി ആയിത്തീർന്നിട്ടുണ്ട്. സഭാകാര്യങ്ങൾ കൈകാര്യം ചെയ്യുന്നവർ വിഷയം ആ തലത്തിൽ കൂടി മനസ്സിലാക്കേണ്ടതാണ്. പിളർപ്പിന്റെ സാഹചര്യത്തിൽ സഭാംഗങ്ങൾ എതിർചേരികളിൽ എത്തിപ്പെടുന്നത് ബഹുഭൂരിഭാഗവും ആലോചനാപൂർവ്വമായ ഒരു തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലൊന്നുമല്ല. കുടുംബ-ഇടവക-സാമൂഹ്യ-പ്രാദേശിക ബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ധ്രുവീകരണം സംഭവിക്കാറുള്ളത്. ഇത് സമാധാനവിരുദ്ധരും സമാധാനകാംക്ഷികളും മനസ്സിലാക്കണം. കുടുംബ-ഇടവക-സാമൂഹ്യ-പ്രാദേശിക ബന്ധങ്ങൾ നിലനിൽക്കെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രം സ്വതന്ത്രതീരുമാനമെടുക്കാൻ സഭാംഗങ്ങളായ വ്യക്തികൾക്ക് സാധാരണഗതിയിൽ എളുപ്പമല്ല. കുടുംബ-ഇടവക-സാമൂഹ്യ ബന്ധങ്ങളുടെ ശക്തിയും കുറച്ചു കാണാൻ ആർക്കും ആവില്ല. ഇച്ഛാശക്തിയും തീരുമാനശേഷിയും ഭവിഷ്യത്തുകളെ നേരിടുന്നതിനുള്ള ത്രാണിയും ഉള്ളവർക്കു മാത്രമേ കെട്ടുപാടുകളെ അവഗണിച്ച് സ്വതന്ത്ര തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

അതുപോലെ തന്നെ നാളിതുവരെ സഭാരംഗത്ത് തങ്ങളെ നയിച്ച പട്ടക്കാരെയും മേൽപ്പട്ടക്കാരെയും തിരസ്കരിച്ച് കോടതിവിധി പ്രകാരം ആണെങ്കിൽ പോലും സഭൈക്യത്തിൽ പങ്കുചേരുവാൻ സഭാംഗങ്ങൾക്ക് പരിമിതികളുണ്ട്. മാനുഷിക ബന്ധങ്ങൾ, കീഴ്‌വഴക്കങ്ങൾ, സംഘബോധം എന്നിവയെല്ലാം അതിന് തടസ്സം നിൽക്കുന്നു. ഈ വിഷയം ഗൗരവപൂർവ്വം അഭിസംബോധന ചെയ്യപ്പെടേണ്ടതാണ്. അതുകൊണ്ട് സഭൈക്യത്തിൽ സഹകരിക്കുന്ന പട്ടക്കാരെയും മേൽപ്പട്ടക്കാരെയും ഉൾക്കൊണ്ടു മാത്രമേ ആരോഗ്യപരമായ സഭൈക്യം നടക്കൂ. കൂടെ നിൽക്കുന്നവരിൽ നിന്ന് ഒറ്റപ്പെടുത്തിയും പട്ടക്കാരെയും മേൽപ്പട്ടക്കാരെയും തള്ളിപ്പറയിച്ചും വിശ്വാസികളെ വല്ലവിധേനയും സഭയിലെത്തിച്ച് കോടതിവിധി നടപ്പിലാക്കാൻ കഴിയില്ല എന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. അതുപോലെ തന്നെ ഇന്നത്തെ സാഹചര്യത്തിൽ തങ്ങളുടെ വിഭാഗത്തിന്റെ നിലനിൽപ്പും അതിന്റെ ഭാവിയും അപകടത്തിലാണെന്നു മനസ്സിലാക്കി ക്രിസ്തുവിനെപ്രതി സഭായോജിപ്പിന് യാക്കോബായക്കാരും വിവേകം കാട്ടേണ്ടതാണ്.

സഭയിലെ പാത്രിയർക്കീസ് വിഭാഗത്തെ സഭായോജിപ്പിൽ നിന്ന് അകറ്റിനിർത്തുന്ന മുഖ്യഘടകങ്ങൾ അന്ത്യോഖ്യാ പാത്രിയർക്കീസിനോടുള്ള അമിതമായ ഭക്തിയും അതിന്റെ അടിസ്ഥാനത്തിലുള്ള സംഘബോധവുമാണ്. ഇത് അവരിൽ തല്പരവ്യക്തികൾ കൃത്രിമമായി വളർത്തിയെടുത്തതാണ്. പാത്രിയർക്കീസ് കക്ഷിസ്പി

രിറ്റ് അവരിൽ ഇന്ന് ആവേശത്തിന്റെ നിലവിട്ട് ലഹരിയായി മാറിയിരിക്കുന്നു. അത് ഏകസത്യവിശ്വാസമായിത്തീർന്നു. കോടതിയിൽ അവർ നിരന്തരം നേരിടുന്ന പരാജയം അവരെ യാഥാർത്ഥ്യബോധത്തിലേക്ക് നയിക്കുന്നില്ല, മറിച്ച് മതതീവ്രവാദികളായി മാറ്റുകയാണ്. നേതാക്കന്മാരുടെ കുതന്ത്രങ്ങളും ദുരുപദേശങ്ങളും അവരിൽ മതഭ്രാന്ത് പരത്തുന്നു. ഇതിനൊക്കെ ജനത്തെ പരിഹസിച്ചാൽ പരിഹാരമാകില്ല. പാത്രിയർക്കീസിനെ ആക്ഷേപിച്ചിട്ടും വിശേഷമില്ല. സത്യത്തിന്റെ വെളിപ്പെടൽ ആണ് ആവശ്യം. വസ്തുതകൾ ജനങ്ങളെ ബോധ്യപ്പെടുത്തണം. കക്ഷിവിരോധം ജ്വലിച്ചുനിൽക്കുന്ന സാഹചര്യത്തിൽ ഇത് അത്യന്തം ശ്രമകരമാണ്. സഭാസ്ഥാനികളേക്കാൾ കർത്തൃനിയോഗത്തെയും സുവിശേഷത്തെയും സഭയേയും ആദരിക്കുവാനും അത് ആവേശമാക്കുവാനും ഇരുഭാഗത്തുമുള്ള വിശ്വാസസമൂഹത്തെ പരിശീലിപ്പിക്കണം. ജനത്തിന്റെ ഭക്ത്യാദരവുകളെ ഈവിധം തിരിച്ചുവിടാൻ അവരെ re-orient ചെയ്യുകയാണ് പ്രശ്നപരിഹാരത്തിന് ആവശ്യം. അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഭരണഘടന പ്രകാരം ഉൾക്കൊള്ളുവാൻ ഓർത്തഡോക്സ് വിഭാഗം തയ്യാറാവുകയും വേണം.

സഭൈക്യശ്രമങ്ങൾ അട്ടിമറിക്കുന്നവർ ഓർത്തഡോക്സ് പക്ഷത്തുമുണ്ടെന്നുള്ളത് രഹസ്യമല്ല. ഐക്യവിരോധികൾ എവിടെയാണെങ്കിലും സ്വാർത്ഥരും കുബുദ്ധികളുമായിരിക്കും. അവർക്ക് വ്യക്തിപരമായ ലാക്കുകളും അവ നേടുവാനുള്ള രഹസ്യപരിപാടികളും തന്ത്രങ്ങളുമുണ്ട്. ഓർത്തഡോക്സ് സഭയിലെ ഐക്യവിരുദ്ധർ പാത്രിയർക്കീസിനെ വാക്കുകൾകൊണ്ട് കടന്നാക്രമിക്കുക, മറുപക്ഷത്തെ അടച്ചാക്ഷേപിക്കുക, സഭയിൽ ഐക്യം വന്നാൽ ഉണ്ടാകുന്ന നഷ്ടങ്ങളെപ്പറ്റി പ്രവചിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ് ഐക്യതടസ്സത്തിനായി പ്രയോഗിച്ചു കാണുന്നത്. ഇവരുടെ ഐക്യവിരുദ്ധ നിലപാടുകൊണ്ടാണ് ഇന്ന് രാഷ്ട്രീയ രംഗത്ത് നിന്നും സഭയ്ക്ക് തിരിച്ചടി ഉണ്ടാകുന്നതും പൊതുസമൂഹത്തിലും ഇതരസഭാബന്ധങ്ങളിലും സഭ ഒറ്റപ്പെടുന്നതും സഭയ്ക്ക് ലഭിച്ച നിയമവിജയം നിഷ്ഫലമാകുന്നതും. ഓർത്തഡോക്സ് സഭാനേതാക്കന്മാരുടെ ഐക്യവിരുദ്ധ നിലപാടുകൾക്ക് ഇന്ന് ദൈവശിക്ഷ തന്നെ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രമോശമായ പ്രതിച്ഛായ ഓർത്തഡോക്സ് സഭയ്ക്ക് ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല എന്നത് ഉത്തരവാദപ്പെട്ടവർ തിരിച്ചറിഞ്ഞെങ്കിൽ നന്നായിരുന്നു. സഭാഭിന്നതയുടെ സാമൂഹ്യയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയും അംഗീകരിച്ചും പ്രവർത്തിക്കണം. സഭൈക്യം എന്നത് ഒറ്റപ്പെടുന്നവരെ പാട്ടിലാക്കലോ, പള്ളിപിടിച്ചടക്കലോ, വീതംവയ്ക്കലോ അല്ല; പ്രത്യുത, വിശ്വാസിസമൂഹത്തിന്റെ പുനഃസംഗമമാണെന്നു കാണാൻ സഭാനേതൃത്വത്തിന് സാധിക്കണം. എങ്കിൽ മാത്രമേ സഭയിൽ ഐക്യവും സമാധാനവും യഥാർത്ഥവുമാകുകയുള്ളൂ.

ഭിന്നിച്ചു നിന്നാൽ പാത്രിയർക്കീസ് പക്ഷത്തുള്ള വൈദീകർക്കും മേൽപ്പട്ടക്കാർക്കും നിയമപരമായി സഭാപ്രവർത്തനങ്ങൾ നിർവ്വഹിക്കാനാവില്ല. എന്നാൽ ഐക്യപ്പെടുന്നപക്ഷം അവർ സഭയുടെ വൈദീകരും മെത്രാന്മാരുമായിത്തീരുവാൻ അർഹരാകുന്നു. അതിന് ആവശ്യമായ നിബന്ധനകൾ പാലിച്ചാകണം തുടർ ക്രമീകരണം എന്നുമാത്രം. മറ്റുസഭകളിൽ ഐക്യമുണ്ടായപ്പോൾ ഈ ഉദാര സമീപനമാണ് അവർ സ്വീകരിച്ചത്. അതേസമയം അടിസ്ഥാനതത്വങ്ങൾ പാലിക്കപ്പെടുകയും ചെയ്യണം. സമീപകാലത്ത് വിവിധ സഭകളിൽ സംഭവിക്കുന്ന ഐക്യപ്പെടൽ മലങ്കരസഭയിലെ ഇരുകക്ഷികളും കണ്ണും മനസ്സും തുറന്നുകാണണം. കല്ദായ സഭയിൽ നിലനിന്നിരുന്ന ഭിന്നത അവസാനിപ്പിച്ചത് അടുത്തകാലത്താണ്. എത്യോപ്യൻ സഭയിലുണ്ടായ പിളർപ്പ് പരിഹരിച്ച് സമാധാനം പുനഃസ്ഥാപിച്ചിട്ട് ദിവസങ്ങളേ ആയിട്ടുള്ളൂ. മലങ്കരസഭയിലെ ഇരുകക്ഷികൾക്കും ഇതൊന്നും കാണാനാവാത്തതെന്തുകൊണ്ടാണ്? 1958-ൽ സഭയെ ഐക്യത്തിലെത്തിച്ച സമാധാനത്തിന്റെ ആത്മാവ് ഇന്നെവിടെപ്പോയെന്ന് നാം ആലോചിക്കണം. സ്വാർത്ഥതയും സ്പർദ്ധയും പ്രതിരോധവും നിലനിൽക്കുന്നിടത്ത് സമാധാനാത്മാവ് പ്രവർത്തിക്കുകയില്ലെന്ന് നാം ഓർക്കേണ്ടതാണ്.

സഭയിൽ ഇന്ന് സമാധാനമില്ല. അത് പുനസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളെ സഭാവിരുദ്ധ പ്രവർത്തനങ്ങളായി മുദ്രകുത്തി പരാജയപ്പെടുത്തുന്നു. സഭ ഇന്ന് എത്തിച്ചേർന്നിരിക്കുന്ന ദുഃസ്ഥിതിക്ക് സഭയിലെ ഇരുവിഭാഗങ്ങളിലെയും വൈദീകനേതൃത്വം തന്നെയാണ് ഉത്തരവാദികൾ. രാഷ്ട്രീയ പാർട്ടികളെയോ, വാർത്താമാധ്യമങ്ങളെയോ പഴിച്ചിട്ട് കാര്യമില്ല. ഇതിന് കാരണക്കാർതന്നെ അതിന് പരിഹാരം കാണണം. ഇരുപക്ഷങ്ങളിലെയും വൈദീക മേലദ്ധ്യക്ഷന്മാർ ആവശ്യബോധത്തോടെയും ആത്മാർത്ഥതയോടെയും സഭയിൽ ഐക്യവും സമാധാനവും ഉണ്ടാകുന്നതിന് യത്നിച്ചാൽ ദൈവം അത് സാധിച്ചുതരുമെന്നതിൽ സംശയിക്കേണ്ട. അതിനായി പ്രാർത്ഥിക്കുക. ഫലത്തിനായി കാത്തിരിക്കാം.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

Readers' Views

Eastern Orthodoxy-Confessional Status: Confessions-Confusions-Abuses: Way Forward

I

In general, Eastern Orthodox Christians choose an individual to trust as his or her spiritual guide. In most cases this is the parish priest, but may be a starets (Elder, a monastic who is well known for his or her advancement in the spiritual life). This person is often referred to as one's "spiritual father". Once chosen, the individual turns to their spiritual guide for advice on their spiritual development, confessing sins, and asking advice. Orthodox Christians tend to confess only to this individual and the closeness created by this bond makes the spiritual guide the most qualified in dealing with the person, so much so that no one can override what a spiritual guide tells his charges. What is confessed to one's spiritual guide is protected by the same seal as would be any priest hearing a confession. Only an ordained priest may pronounce the absolution.

Confession does not take place in a confessional, but normally in the main part of the church itself, usually before an analogion (lectern) set up near the iconostasion. On the analogion is placed a Gospel Book and a blessing cross. The confession often takes place before an icon of Jesus Christ. Orthodox understand that the confession is not made to the priest, but to Christ, and the priest stands only as witness and guide. Before confessing, the penitent venerates the Gospel Book and cross, and places the thumb and first two fingers of his right hand on the feet of Christ as he is depicted on the cross. The confessor will often read an admonition warning the penitent to make a full confession, holding nothing back.

As with administration of other sacraments, in cases of emergency confession may be heard anywhere. For this reason, especially in the Russian Orthodox Church, the pectoral cross that the priest wears at all times will often have the Icon of Christ "Not Made by Hands" inscribed on it so that such an icon will be available to penitents who are experiencing imminent death or life-threatening danger in the presence of a priest but away from a church.

In general practice, after one confesses to one's spiritual guide, the parish priest (who may or may not have heard the confession) covers the head of the person with his Epitrachelion (Stole) and reads the Prayer of Absolution, asking God to forgive the transgression of the individual (the specific prayer differs between Greek and Slavic use). It is not uncommon for a person to confess his sins to his spiritual guide on a regular basis but only seek out the priest to read the prayer before receiving Holy Communion.

In the Eastern Churches, clergy often make their confession in the sanctuary. A bishop, priest, or deacon will confess at the Holy Table (Altar) where the Gospel Book and blessing cross are normally kept. He confesses in the same manner as a layman, except that when a priest hears a bishop's confession, the priest kneels.

There are many different practices regarding how often Orthodox Christians should go to confession. Some Patriarchates advise confession before each reception of Holy Communion, others advise confessing during each of the four fasting periods (Great Lent, Nativity Fast, Apostles' Fast and Dormition Fast), and there are many additional variants. Many pastors encourage frequent confession and communion. In some of the monasteries on Mount Athos, the monks will confess their sins daily.

Eastern Christians will also practice a form of general confession, (or manifest contrition), referred to as the rite of "Mutual Forgiveness". The rite involves an exchange between the priest and the congregation (or, in monasteries, between the superior and the brotherhood). The priest will make a prostration before all and ask their forgiveness for sins committed in act, word, deed, and thought. Those present ask that God may forgive him, and then they in turn all prostrate themselves and ask the priest's forgiveness. The priest then pronounces a blessing. The rite of Mutual Forgiveness does not replace the Mystery of Confession and Absolution, but is for the purpose of maintaining Christian charity and a humble and contrite spirit. This general confession is practiced in monasteries at the first service on arising (the Midnight Office) and the last service before retiring to sleep (Compline). Old Believers will perform the rite regularly before the beginning of the Divine Liturgy. The best-known asking of mutual forgiveness occurs at Vespers on the Sunday of Forgiveness, and it is with this act that Great Lent begins.

We call it *Subakkona* service of reconciliation!

Flashback:

It is said that confession came to the catholic church as an accepted practice only in Nov 1215 during the time of pope Immanuel the Third.

But in the bible, there are very many passages which refer to the absolution of sins, for example Luke 11:4;Mat 6:14;John 8:1-11.In the light of the above said biblical passages, is it mandatory to have an intermediary to confess our sins. .Is it biblical and theological?

Recent Disquieting facts:

In the Indian Orthodox Church a few priests are accused to have made use of confession secrets to blackmail a married woman for sexual favours. A few are arrested by the police and all are asked to stay away from church duties by the Church leadership with far reaching repercussions on the church in general in a fast changing socio-economic milieu.

Food for thought:

1) Are the priests really qualified and competent to handle to new generation to hear confessions and counsel them?

2) How would we sustain this sacrament of confession and communion, as it is being abused and misused left, right an d centre.

3) It is good enough to follow th e Anglican pattern of confession in our Church too?

4) In the Anglican tradition, confession and absolution is usually a component part of corporate worship, particularly at services of the Holy Eucharist. The form involves an exhortation to repentance by the priest, a period of silent prayer during which believers may inwardly confess their sins, a form of general confession said together by all present and the pronouncement of general absolution by the priest, often accompanied by the sign of the cross.

5) Private or auricular confession is also practiced by Anglicans and is especially common among Anglo-Catholics. The venue for confessions is either in the traditional confessional, which is the common practice among Anglo-Catholics, or in a private meeting with the priest. Often a priest will sit in the sanctuary, just inside the communion rail, facing toward the altar and away from the penitent. Other times he will use a portable screen to divide himself and the penitent. Following the confession of sins and the assignment of penance, the priest makes the pronouncement of absolution. The seal of the confessional, as with Roman Catholicism, is absolute and any confessor who divulges information revealed in confession is subject to deposition and removal from office.

6) Historically, the practice of auricular confession was highly controversial within Anglicanism. When priests began to hear confessions, they responded to criticisms by pointing to the fact that such is explicitly sanctioned in "The Order for the Visitation of the Sick" in the *Book of Common Prayer*, which contains the following direction:

7) Here shall the sick person be moved to make a special Confession of his sins, if he feel his conscience troubled with any weighty matter. After which Confession, the Priest shall absolve him (if he humbly and heartily desire it).

8) Auricular confession within mainstream Anglicanism became accepted in the second half of the 20th century; the 1979 Book of Common Prayer for the Episcopal Church in the USA provides two forms for it in the section "The Reconciliation of a Penitent". Private confession is also envisaged by the canon law of the Church of England, which contains the following, intended to safeguard the Seal of the Confessional:

9) if any man confesses his secret and hidden sins to the minister, for the unburdening of his conscience, and to receive spiritual consolation and ease of mind from him; we...do strictly charge and admonish him [*i.e.*, the minister], that he does not at any time reveal and make known to any person whatsoever any crime or offence so committed to his trust and secrecy...

10) There is no requirement for private confession, but a common understanding that it may be desirable depending on individual circumstances. An Anglican aphorism regarding the practice is "All may; none must; some should".

11) Why not we humbly request our diocesan Metropolitan, who is a scholar on theology with the fine tuning of practicality to write an article for the benefit of the new generation on the theme.

Dr KM George

II

Confession is one of the most important sacraments .But for centuries it has been abused by the clergy men much to the chagrin of the Church. There have been bad as well as well meaning clergy men the world over and they have been trying to make men and women better through Confession ,forgiving the sins in the name of God. There have been differing schools of thought .Taking undue advantage, certain clergy men have been abusing the sacrament. I know so many Christians who do not confess to the clergy. They ask for forgiveness from the good Lord .But annual confession is a must in the church-especially the Catholic Church.

There is an up and coming argument that the women confess to the Rev Sisters(nuns).And never to a male priest. It looks ludicrous to see a young teen ager(female) goes to a 26 year old male priest and confesses her "sins" to him. The priest usually "enjoys" the confession and tries sometimes to take undue advantage of the girl's confused disposition.

The Church has now a huge duty of discussing the matter in a responsible way and advise the laity accordingly.

Thomas Matthew Parackel

വേദവിചാരം

പരീക്ഷയിലേക്ക് നയിക്കലും ദുഷ്ടനിൽനിന്നുള്ള സംരക്ഷണവും-1

ഡോ: തോമസ് അത്താനാസ്യോസ്

കർത്തൃപ്രാർത്ഥനയിലെ അവസാന യാചനയിലാണ് ശീർഷകത്തിലുള്ള രണ്ട് കാര്യങ്ങൾ പരാമർശിക്കപ്പെടുന്നത്. വി. മത്തായിയുടെ സുവിശേഷം 6:13-ന്റെ മൂല ഭാഷയിൽ നിന്നുള്ള വിവർത്തനം ഏതാണ്ട് ഇപ്രകാരമാണ്. "പരീക്ഷയിലേക്ക് നീ ഞങ്ങളെ നയിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ വീണ്ടുകൊള്ളണമേ."

പ്രഥമശ്രവണത്തിൽ ചിന്താക്കുഴപ്പം സൃഷ്ടിച്ചേക്കാവുന്ന ഒരു വേദഭാഗമാണിത്. 'പരീക്ഷയിലേക്ക് നീ ഞങ്ങളെ നയിക്കരുതേ' എന്ന അഭ്യർത്ഥന പ്രകാരം പരീക്ഷയിലേക്ക് മനുഷ്യനെ നയിക്കുന്നത് ദൈവമാണെന്ന വ്യാഖ്യാനം ഉണ്ടാകാവുന്നതാണ്. കാരണം, ഈ വാക്യത്തിൽ കർത്താവ് (subject) 'നീ' (ദൈവം)യും കർമ്മം (object) 'ഞങ്ങൾ.' ക്രിയ (verb) 'നയിക്കരുത്' എന്നുമാണ്. ക്രിയ ചെയ്യുന്നത് കർത്താവ് എന്ന നിലയിൽ ദൈവമാണ്. പരീക്ഷയിലേക്ക് നയിക്കുന്നത് എന്നു വരുന്നു. "അതുകൊണ്ട് ദൈവമേ, നീ ഞങ്ങളെ പരീക്ഷയിലേക്ക് എത്തിക്കരുതേ" എന്ന ആശയമാണ് പ്രഥമ വായനയിൽ ആർക്കും ലഭിക്കുക.

എന്നാൽ അങ്ങനെയൊരു നിഗമനം വേദപുസ്തകത്തിന്റെ പൊതുവായ ദർശനപ്രകാരം സാധൂകരിക്കപ്പെടാവുന്നതല്ല. യാക്കോബിന്റെ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "പരീക്ഷിക്കപ്പെടുമ്പോൾ ദൈവം എന്നെ പരീക്ഷിക്കുന്നു എന്ന് ആരും പറയരുത്. തിന്മകൊണ്ട് ദൈവം പരീക്ഷിക്കപ്പെടുന്നില്ല, ദൈവം ആരെയും പരീക്ഷിക്കുന്നുമില്ല" (യാക്കോ. 1:13). പഴയനിയമത്തിൽ ഇയോബ് കഠിനമായി പരീക്ഷിക്കപ്പെടുന്നതായി നാം വായിക്കുന്നുണ്ട്. പക്ഷേ, പരീക്ഷകൻ ദൈവമല്ല, എന്നാൽ ദൈവം ഈ പരീക്ഷ അറിയുന്നുണ്ട്. പരീക്ഷകന് അതിനുള്ള അനുവാദം നൽകുന്നുമുണ്ട്. ഇയോബിന്റെ ദൈവഭക്തിയുടെ അടിസ്ഥാനം ദൈവസ്നേഹമല്ല, ദൈവം അവന് നൽകിയിരിക്കുന്ന ധനസമൃദ്ധിയും ബന്ധുബലവുമാണ് എന്ന പരീക്ഷകന്റെ ആരോപണം തെറ്റാണെന്ന് തെളിയിക്കാനാണ് ദൈവം പരീക്ഷാനുമതി നൽകുന്നത്. ഈ അനുവാദത്തിലൂടെ ദൈവം പരീക്ഷകന്റെ വാദത്തെ വെല്ലുവിളിക്കുകയാണ്. ആത്യന്തികമായി ദൈവം പരിശോധകന്റെ വാദം തകർത്ത് ഇയോബിന്റെ ദൈവഭക്തിയെ ഉയർത്തിക്കാണിക്കുന്നു. ഇതുതന്നെയാണ് വെളിപാട് പുസ്തകത്തിൽ നാം വായിക്കുന്നത്. നമ്മുടെ സഹോദരങ്ങളുടെ മേൽ കുറ്റം ആരോപിച്ച് രാപകൽ ദൈവസമക്ഷം കുറ്റപ്പെടുത്തിയവൻ നിഷ്കാസിതനായിരിക്കുന്നു (12:10). നീതിമാന്മാരുടെ പേരിലുള്ള പരീക്ഷകന്റെ ആരോപണം തെറ്റെന്ന് തെളിയിക്കപ്പെടുക എന്നത് അവരുടെ വിചാരണയ്ക്കും കുറ്റംവിധിക്കലിനും, ശിക്ഷയ്ക്കും അന്തിമമായി നീതിയുടെ സ്ഥാപനത്തിനുമുള്ള പടികളാണ്. ആരോപണവിധേയനാക്കുന്ന ഭക്തനെ ദൈവം വിചാരണയ്ക്കും പീഡനത്തിനുമെല്ലാം വിട്ടുകൊടുക്കുന്നത് അതുവഴി അവനിലെ നന്മ മറ്റുള്ളവരുടെ മുമ്പിൽ തുറന്നു കാണിച്ച് മാതൃക സൃഷ്ടിക്കുവാനാണ്. ഏശയ്യാ 53-ാം അധ്യായത്തിലും കർത്തൃദാസന്റെ പീഡാനുഭവത്തെപ്പറ്റി പറയുന്നു. വിശ്വാസിക്ക് പീഡനം ഉണ്ടാകുന്നത് അതിലൂടെ അവന്റെ വിശ്വാസം ഊതി കഴിക്കപ്പെടുകയും അതിന്റെ സത്യത (genuineness) വെളിപ്പെട്ടു മറ്റുള്ളവർക്ക് മാതൃകയാകുവാനും വേണ്ടിയാണ്. അതോടൊപ്പം വിശ്വാസജീവിതത്തിന്റെ പരിണാമവും ദൃശ്യമാകുന്നു. ഗോതമ്പ് പൊടിക്കപ്പെട്ട്, തീയിൽ തപിപ്പിക്കപ്പെട്ട് അപ്പമാകുന്നതുപോലെയും, മുന്തിരിങ്ങ മർദ്ദിക്കപ്പെട്ട്, പിഴിയപ്പെട്ട് ഫെർമെന്റ് ചെയ്യപ്പെട്ട് വീഞ്ഞായിത്തീരുന്നതുപോലെയും പീഡനത്തിലൂടെ യഥാർത്ഥ ഭക്തൻ വിശ്വാസാനുഭവത്തിൽ ആഴവും ദാർഢ്യവും ആർജ്ജിക്കുന്നു. ഇത് ഒരുവന്റെ ആന്തരിക ശുദ്ധീകരണത്തിനുള്ള സഹനമാർഗ്ഗം കൂടിയാണ്. സ്വർണ്ണം അഗ്നിയിൽ ഊതിക്കഴിക്കപ്പെട്ട് ശുദ്ധീകരിക്കപ്പെടുന്നതുപോലെയുള്ള ഒരു പ്രക്രിയയാണിത്. പോപ്പ് ബെനഡിക്റ്റ് പറയുന്നത് ശ്രദ്ധിക്കുക: "Surely the faithful need a long path of inner purification to reach ultimate freedom - a path through stages of maturity, a path beset with temptations and danger of falling-but a necessary path none the less"

പരീക്ഷണത്തിന് ദൈവം വിശ്വാസിയെ വിട്ടുകൊടുക്കുന്നു.

യേശുവിന്റെ പരീക്ഷയിലും ഈ വസ്തുത കാണുന്നു. പിശാചി നാൽ പരീക്ഷിക്കപ്പെടുവാനായി വിജനപ്രദേശത്തേയ്ക്ക് ആത്മാവ് നയിക്കുന്നു (വി. മത്തായി 4:1). പിശാചാണ് പരീക്ഷകൻ. നിയോ ഗജീവിതത്തിലെ തടസ്സങ്ങൾ പരി ഹരിക്കുവാനും ബോധ്യങ്ങളിൽ ഉറയ്ക്കുവാനും ദൈവീകസാന്നി ധ്യാനുഭത്തിന് വിശ്വാസ-നിയോഗ ജീവിതത്തിൽ പാകപ്പെടുവാനും ആവശ്യമായതുകൊണ്ട് ദൈവം ഈ പരീക്ഷകൾക്ക് അനുമതി നൽകുന്നു. പരിത്യക്തനായ രക്ഷ കനാകുവാൻ യേശുവിനെ രൂപപ്പെ ടുത്തിയത് പീഡനം, ന്യായവിസ് താരം, ക്രൂശ് മരണം എന്നിവ വഴി യാണ്. അതുകൊണ്ട് നാം പരീക്ഷി ക്കപ്പെടുമ്പോൾ ക്രിസ്തു കാഴ്ച ക്കാരനായി മാറി നിൽക്കുകയല്ല, നമ്മോടോപ്പം പരീക്ഷയുടെ പടി കൾ താണ്ടി നമ്മെ പൂർണ്ണതയി ലേക്ക് വഴിനടത്തുകയാണ്. എബ്രാ യ ലേഖനം ഇത് സാക്ഷിക്കുന്നു. അവൻ പീഡിപ്പിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതു കൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കുവാൻ അവന് കഴിയു ന്നു (എബ്രാ. 2:18). "എല്ലാവിധ ത്തിലും നമ്മെപ്പോലെ പരീക്ഷിക്ക പ്പെട്ടവനാണ് അവൻ. അതുകൊണ്ട് നമ്മുടെ ദൗർബല്യങ്ങളിൽ നമ്മോ ട് സഹതപിക്കുന്ന മഹാപുരോഹി തനാണ് നമക്കുള്ളത്" (എബ്രായർ 4:15). പരീക്ഷകൾ വിശ്വാസികൾക്കു ണ്ടാകും. അത് വിശ്വാസാനുഭവ ത്തിൽ വളരുവാനും പൂർണത പ്രാപിക്കുന്നതിനുമാണ്. ആ സാഹ ചര്യങ്ങളിൽ നമ്മുടെ രക്ഷകൻ ന മ്മോടൊപ്പമുണ്ട്. പരീക്ഷയിലുള്ള വിജയം നമ്മുടെ വിശ്വാസ ജീവി തത്തിന് അനിവാര്യവും അലങ്കാ രവുമാണ്.

ഇത് പരീക്ഷയും പീഡനവും സംബന്ധിച്ച തിരുവചനവീക്ഷണ മാണ്. പിന്നെയെങ്ങനെയാണ് പരീ ക്ഷയിയേലക്ക് ഞങ്ങളെ നയിക്ക രുതേ എന്ന് പ്രാർത്ഥിക്കാനാവുക? എന്ന ചോദ്യം വളരെ പ്രസക്തമാ ണ്. ദൈവം അല്ല, പരീക്ഷിക്കുന്നത് എങ്കിലും ദൈവസമ്മതത്തോടെ യാണ് അത് ഉണ്ടാകുന്നതെന്നും വചനവെളിച്ചത്തിൽ നാം കണ്ടു ക ഴിഞ്ഞു. അതുകൊണ്ട് ഈ പ്രാർത്ഥ നാഭാഗത്തിന്റെ യഥാർത്ഥ സൂചന ഇപ്രകാരം വ്യാഖ്യാനിക്കാൻ ശ്രമി ക്കാം. ക്രിസ്തീയ ജീവിതത്തിൽ പരീക്ഷകൾ ഉണ്ട്. അവയെ ജയി ക്കുന്നത് ആത്മീക ശുദ്ധീകരണ ത്തിനും വിശുദ്ധിയിലുള്ള വളർച്ച യ്ക്കും സഹായിക്കുന്നു. അതു കൊണ്ട് പരീക്ഷയ്ക്ക് ഞങ്ങൾ വിധേയരാകുമ്പോൾ ഞങ്ങളുടെ ദൗർബല്യം നീ മനസ്സിലാക്കി പരീ ക്ഷകൾ കഠിനമാക്കാതെ നീ ശ്രദ്ധി ക്കണണമേ. അല്ലെങ്കിൽ അവയെ ജയിക്കുന്നതിന് കൃപ നല്കണമേ. എന്നാണ് ഈ പ്രാർത്ഥനകൊണ്ട് അർത്ഥമാക്കേണ്ടത്. അതുകൊണ്ട് വി. കുപ്രിയാനോസ് ഇങ്ങനെ പറ യുന്നത്. "When we pray lead us not unto temptation, we are expressing our awareness that the enemy can do nothing against us unless God has allowed it before hand so that our fear, our devotion and our worship may be directed to God-because the Evil one is not permitted to do anything unless he is given authorisation" (De dominice Orentine 25)

അതായത് ഞങ്ങൾ വിശ്വാസ ജീവിതത്തിൽ നേരിടേണ്ടിവരുന്ന പരീക്ഷകൾ കഠിനമാകാതെ നീ ശ്രദ്ധിക്കണമേ എന്നാണ് ഈ പ്രാർത്ഥനാഭാഗം സൂചിപ്പിക്കു ന്നത്.

പരീക്ഷിക്കുന്നത് ദുഷ്ടൻ (പി ശാച്) ആണെന്ന് പ്രാർത്ഥനാ ഖണ്ഡത്തിന്റെ അടുത്ത പകുതി യിൽ സൂചിപ്പിക്കുന്നുണ്ട്. "എന്നാ ലോ, ദുഷ്ടനിൽ നിന്ന് ഞങ്ങളെ വീണ്ടുകൊള്ളണമേ" എന്നാണ് ആ ഭാഗം. അതായത് ആദ്യയാചന അതിൽത്തന്നെ പൂർണമാകുന്നില്ല. 'എന്നാലോ' എന്ന പദം അത് വ്യക്തമാക്കുന്നു. ആ പ്രയോഗം രണ്ട് വാക്യങ്ങളിലെയും ആശയ ങ്ങളുടെ ബന്ധം സൂചിപ്പിക്കുന്നു. അപ്പോൾ ആശയം പരീക്ഷയിൽ അകപ്പെടാതെ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ച് നയിക്കണമേ എന്നായി മാറും. അതാണ് ഈ പ്രാർത്ഥനാഖണ്ഡത്തിന്റെ ഉള്ള ടക്കം.

(തുടരും)

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക്	- 100 രൂ.
ആയുഷ്ക്കാലം	- 1000 രൂ.
വിദേശത്ത്	- 6000 രൂ. (100 ഡോളർ)

ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ

വടകര, കൂത്താട്ടുകുളം, Ph: 9961636342, 9446450231

വി. കുർബ്ബാനാനുഭവ ധ്യാനം	: ശനി 8 a.m. to 12.30 p.m.
മദ്ധ്യസ്ഥപ്രാർത്ഥന	: ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m.
ഞായർ വി. കുർബ്ബാന	: 6.30, a.m. to 8.30 a.m.

വയോഭവനിൽ സൗജന്യമായും അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.

ആത്മീയം

ശ്രേയസ്സിന് ഒരു രൂപരേഖ

സ്വാമി തേയോമയാനന്ദ

ഇക്കാലത്ത് ഫാക്ടറി നിർമ്മിതമായ ഏതൊരു ഉല്പന്നത്തിനുമൊപ്പം അതിന്റെ ഉപയോഗം, സൂക്ഷിപ്പ്, കേടുപോക്കൽ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച ഒരു നിർദ്ദേശപത്രവും ഉണ്ടാകാറുണ്ട്. ഒരു ലഘുവായ ഒരു യന്ത്രത്തിന്റെ കാര്യത്തിൽ പോലും അതിന്റെ നിർമ്മാതാക്കൾ ഇത്ര മാത്രം ശ്രദ്ധവയ്ക്കുന്നുണ്ടെങ്കിൽ പ്രപഞ്ച സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടികളിൽ ഏറ്റവും സങ്കീർണ്ണവും 'സോഫിസ്റ്റിക്കേറ്റഡു'മായ മനുഷ്യശരീരത്തിന്റെ ഉപയോഗ സംരക്ഷണാദി വിവരങ്ങൾ അടങ്ങുന്ന രേഖ നൽകാതിരുന്നിട്ടുണ്ടാവുകയില്ല.

സൃഷ്ടികൾ നിലവിൽ വന്നപ്പോൾ സർവ്വ ജീവ വസ്തുക്കളും എങ്ങനെയാണ് ഒരു യത്നഭാവത്തിൽ സഹകരണത്തോടെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതെന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഭഗവാൻ നൽകിയിട്ടുണ്ടെന്നാണ് ഭഗവത്ഗീത വെളിപ്പെടുത്തുന്നത്.

ആരാധനാപൂർവ്വവും നിസ്വാർത്ഥവുമായ ഭാവത്തിൽ എല്ലാവരും ഒത്തൊരുമിച്ച് ഒരു പ്രത്യേക ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന രീതിയാണ് യത്നഭാവം എന്നു പറയുന്നത്.

സത്കർമ്മങ്ങൾ കൊണ്ട് ഈശ്വരപൂജ നടത്തുന്നതും നമ്മുടെ സ്വാർത്ഥതയും ഉടമസ്ഥതയും ബന്ധങ്ങളും ത്യജിച്ചുകൊണ്ട് അതു നിർവ്വഹിക്കുന്നതും യത്നഭാവത്തിന്റെ രണ്ടു വശങ്ങളാണ്. ഈ ഭാവത്തോടെ സഹകരിച്ചു പ്രവർത്തിച്ചാൽ നമുക്ക് നമ്മുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റുവാൻ സാധിക്കും.

ഭാരതീയ പുരാണം എല്ലാ അഭിലാഷങ്ങളും സാധിച്ചു തരുന്ന 'കാമധേനു' എന്ന പശുവിനെ പരാമർശിക്കുന്നുണ്ട്. എന്താണ് കാമധേനു നൽകുന്ന സൂചന? ആഗ്രഹങ്ങളും ആലോചനകളുമെല്ലാം ഒന്നാക്കിക്കൊണ്ട് ഒരു സമൂഹം ഒന്നായി ഒരു ഉത്കൃഷ്ട ലക്ഷ്യത്തിനായി നിസ്വാർത്ഥതയോടെ പ്രവർത്തിക്കുമ്പോൾ ആ ലക്ഷ്യം പ്രാപ്തമാകും. ആവിധം സ്വാർത്ഥത വെടിഞ്ഞും സഹകരണത്തോടു കൂടിയും ഒരു ഉദ്യമം സഫലമാക്കുന്നതിന്റെ മൂർത്ത മാതൃകയാണ് ഐതിഹാസിക കഥാപാത്രമായ കാമധേനുവിൽ നാം കാണുന്നത്.

ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ കീഴിലായിരുന്നപ്പോൾ രാജ്യമൊട്ടാകെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ തീരുമാനിച്ചു. ഒരുമിച്ചുള്ള ശ്രമത്തിൽ നാമതു സാധിച്ചു. കർമ്മരംഗത്തെ ഈ ഭാവം (spirit) നമുക്കു ചുറ്റുമുള്ള ലോകത്ത് വിവിധ തലങ്ങളിൽ ദൃശ്യമാണ്.

നമ്മുടെ മനസ്സിനെ സംശുദ്ധമാക്കുവാനും സമഗ്രമായ ശ്രേയസ് കൈവരിക്കുന്നതിനും ആഗ്രഹങ്ങൾ സഫലമാക്കുന്നതിനും ഉള്ള ഉപാധിയാണ് യത്നഭാവത്തോടെയുള്ള പ്രവർത്തനം. ഏകലക്ഷ്യത്തോടെയുള്ള ശ്രമം നമുക്ക് ശ്രേയസ് നേടിത്തരുന്നു. ശ്രേയസിൽ 3 കാര്യങ്ങളുണ്ട്. സമാധാനം, സമ്പത്ത്, ഐശ്വര്യം കേവലം വ്യക്തി തലത്തിലല്ല സാമൂഹ്യരാഷ്ട്രതലങ്ങളിലും, സമാധാനം നിലനിൽക്കുന്നിടത്തും മാത്രമേ ശ്രേയസ് വാഴുകയുള്ള എന്ന് ചരിത്രം നമുക്കു കാണിച്ചു തന്നിട്ടുണ്ട്. എന്നാൽ സമാധാനത്തിന്റെയും സുഭിക്ഷിതയുടെയും ശക്തിയുടെയും നടുവിൽപോലും സന്തോഷം നമുക്ക് അന്യമായി അനുഭവപ്പെടാം. അതിനുകാരണം നമ്മുടെ ജീവിതത്തിൽ ആത്മീയമാനം നാം അവഗണിക്കുന്നു എന്നതാണ്.

നാം സമ്പന്നത അളക്കാറുള്ളത് ഭൗതീകമാനങ്ങൾ ഉപയോഗിച്ചാണ്. അതിനാൽ ഒരു വ്യക്തിയോ, രാജ്യമൊ സമ്പന്നമാകാം. എന്നാൽ സന്തുഷ്ടമായിരിക്കണമെന്നില്ല. സമ്പത്തിനോടും ശക്തിയോടും സമാധാനം കൂടിച്ചേരുമ്പോൾ മാത്രമേ ശ്രേയസ് കൈവരികയുള്ളു. അത് നേടുന്നതിന് യത്നഭാവത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്.

എന്നാൽ നമ്മുടെ ശ്രമങ്ങൾ ഫലമണിയാൻ നാം യോജിപ്പിലും പ്രകൃതിനിയമങ്ങളോട് പൊരുത്തപ്പെട്ടും ജീവിക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതികരംഗങ്ങളിലെ നമ്മുടെ സമസ്തനേട്ടങ്ങളും നമുക്ക് ഉണ്ടായിട്ടുള്ളത് പ്രകൃതി ശക്തികൾ മനസ്സിലാക്കിക്കൊണ്ടും പ്രകൃതിനിയമങ്ങൾ പാലിച്ചുകൊണ്ടുമാണ്. ഏതൊരു പ്രകൃതിവസ്തുവിനും വിട്ടുതരുന്ന (ത്യജിക്കുന്ന) സ്വഭാവമാണ് ഉള്ളത്. എന്നാൽ അതോരോന്നും എങ്ങനെ സ്വീകരിക്കണമെന്നും തിരികെവയ്ക്കണമെന്നും നാം അറിഞ്ഞിരിക്കണം. നാം പ്രകൃതി ശക്തികളെ കരുതുകയും പ്രസാദിപ്പിക്കുകയും ചെയ്യുമ്പോൾ അവ നമുക്ക് അനുഗ്രഹങ്ങൾ ചൊരിയും. തിരികെ നൽകാതെയുള്ള ചൂഷണം നമ്മെ സർവ്വനാശത്തിലേയ്ക്കേ നയിക്കുകയുള്ളു.

(ഡക്കാൺ ക്രോണിക്കിളിനോട് കടപ്പാട്)

ലേഖനം

ആരാധനയും അനുഷ്ഠാനങ്ങളും

എം. സൈമൺ

സ്തുതി ചൊവ്വാക്കപ്പെട്ടതാണ് ഓർത്തഡോക്സ് സഭ. ആരാധനയുടെ കാര്യത്തിൽ മറ്റേതൊരു ക്രിസ്ത്യൻ വിഭാഗത്തേക്കാളും ഹൃദ്യവും അർത്ഥസംപുഷ്ടവും അതിമനോഹരവും ഹൃദയഹാരിയും ധ്യാനാത്മകവുമാണ് ഓർത്തഡോക്സ് സഭയുടെതെന്ന് എല്ലാവരും സമ്മതിയ്ക്കും. എന്നാൽ ആരാധനയുടെ കാതലായ ആത്മീയത അടുത്ത കാലത്തായി ശുഷ്കമായിക്കൊണ്ടിരിക്കയാണെന്നും ആരാധനയും ആചാരങ്ങളും ചിട്ടപ്പെടുത്തി നടത്തുന്ന മറ്റ് പൊതു പരിപാടികൾ പോലെ യാന്ത്രികമായി മാറുന്നു എന്നും സഭയിലെ വിശ്വാസ സംരക്ഷണത്തിന് ഉത്തരവാദപ്പെട്ടവർ തന്നെ സമ്മതിയ്ക്കുന്നു.

പള്ളിയിൽ കൃത്യമായി ആരാധനയിൽ പങ്കുകൊള്ളുക, കുമ്പസാരം നടത്തുക, കുർബ്ബാന കൈക്കൊള്ളുക ഇതൊക്കെയാണ് സഭ കല്പിച്ചിരിയ്ക്കുന്ന പ്രധാന ചട്ടങ്ങൾ. ഇവയൊക്കെ ഭൂരിഭാഗംപേരും ഒരനുഷ്ഠാനം പോലെ അനുവർത്തിയ്ക്കുന്നുണ്ട്. നിയമം ഇവ്വിധം അക്ഷരാർത്ഥത്തിൽ പാലിയ്ക്കുന്നവരാണ് നല്ല ക്രിസ്ത്യാനികൾ എന്ന തത്വം പൊതുവേ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. പള്ളിക്കാര്യത്തിലേയ്ക്ക് നിർലോഭം സംഭാവന കൂടി നൽകുന്നവനായാൽ അവനെ മേൽത്തരം ക്രിസ്ത്യാനിയായി പരിഗണിക്കും. സഭയുടെ ആത്യന്തികലക്ഷ്യമായ ആത്മീയോത്കർഷത്തിനുള്ള ചവിട്ടുപടികളാണ് അതിലെ നിയമങ്ങൾ എന്ന സത്യം ഇടയൻമാരും ആടുകളും അവഗണിയ്ക്കുന്നു. ആത്മീയ ആചരണങ്ങളിലൂടെ ലഭിയ്ക്കുന്ന ദിവ്യാനുഭൂതി വ്യക്തിജീവിതത്തിൽ പ്രതിഫലിയ്ക്കുന്നില്ലെങ്കിൽ ആ ആത്മീയത കാപട്യമാണെന്ന് കപ്പദോക്യൻ പിതാവ് വി.ബസേലിയോസ് പറയുന്നു. ''നിയമങ്ങളോ ചട്ടങ്ങളോ അറിയില്ലാതിരിയ്ക്കെ സ്വയം കരുണയുള്ളവരും നിർമ്മലരും പങ്കുവയ്ക്കന്നവരും സ്വാർത്ഥ മോഹങ്ങൾ വെടിഞ്ഞവരും ഒക്കെയായി വ്യക്തിജീവിതം ക്രമപ്പെടുത്തിയിട്ടുള്ള അർത്ഥമറിയാതെ യാന്ത്രികമായി കല്പനകൾ പാലിയക്കുന്നവരെക്കാൾ ശ്രേഷ്ഠരായിരിക്കും.''

വി. മത്തായി 6:7 ൽ പറയുന്നു. ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്'' എന്ന്. ആത്മാവിൽ നിന്നുയരാത്ത വാക്കുകൾ പ്രാർത്ഥനയാവില്ല. നാവിന്റെ ജല്പനങ്ങളാണവ. വിശ്വാസികളും ശുശ്രൂഷക്കാരും മാത്രമല്ല വൈദീകർ വരെ ഈ രീതിയിലാണ് പലപ്പോഴും ആരാധന നടത്തുന്നത്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ ചൊല്ലിത്തീർക്കേണ്ട കർമ്മം മാത്രമായി ആരാധന മാറ്റപ്പെടുന്നു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഗുരുമൊഴിയിൽ ഇങ്ങനെ പറയുന്നു. ''ഇന്ന് മിക്ക പള്ളികളിലേയും വായനയും ഗീതാലാപനവും ആരാധകരുടെ ഭക്തിയെ വളർത്തുന്നില്ല. തളർത്തിക്കളയുന്നതേ ഉള്ളു. അതിനുകാരണം ആരാധന നയിക്കുന്നവരുടെ മുൻപിലെ മൈക്കും പിൻപിലെ പെട്ടിയുമാണ്. കാതടപ്പിയ്ക്കുന്ന ശബ്ദഘോഷണം ഉതിർക്കുന്ന സംഗീതോപകരണങ്ങളും ആലപിയ്ക്കുന്നവർക്കും കേൾക്കുന്നവർക്കും അർത്ഥം മനസ്സിലാകാത്ത ഗീതങ്ങളും ഗാനമേള കേൾക്കുന്നതുപോലെ ഇമ്പകരമെങ്കിലും ഭക്തിദായകമാവുകയില്ല.'' ആരാധന നയിക്കുന്നവർ 1 കോരി.14.33 ൽ പറയുന്നതോർക്കുക. ''ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്.''

ആരാധനയിലെ ഈ അപചയം ചിലരുടെയെങ്കിലും മസ്തിഷ്കത്തിൽ പ്രതിഫലിച്ചതിന്റെ വെളിച്ചത്തിലാവാം സഭയുടെ ഉന്നതസമിതിയിൽ അവയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാൻ ഇടയായത്. ഇന്നത്തെ ആരാധനാ രീതി വിശ്വാസികളുടെ ആത്മീയോത്കർഷത്തിന് ഉതകുന്ന തരത്തിലുള്ളതല്ലെന്ന് അവർ കണ്ടെത്തിയതിന്റെ ഫലമായി പല തിരുത്തൽ നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയും പരി. കാതോലിയ്ക്കബാവ അവയെല്ലാം കല്പനയായി എല്ലാ പള്ളികൾക്കും അയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ എത്ര പള്ളികൾ അത് ഗൗരവമായി എടുക്കുകയും തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു എന്ന് വിലയിരുത്തിയാൽ നിരാശയായിരിക്കും അനുഭവപ്പെടുക.

ആരാധന ആരംഭിക്കുന്നതിനുമുൻപ് അല്ലെങ്കിൽ കുറഞ്ഞപക്ഷം വി. കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പെങ്കിലും വിശ്വാസികൾ പള്ളിയിൽ എത്തണമെന്നും എത്തുന്നവർ വെറും കാഴ്ചക്കാരും ശ്രോതാക്കളും ആകാതെ ആരാധനയിൽ സജീവമായി ഭാഗഭാക്കുകളാകണമെന്നും വൈദീകർ നിർബന്ധിയ്ക്കണമെന്ന പ്രധാന നിർദ്ദേശമെങ്കിലും നടപ്പിലാക്കാൻ ചുമതലപ്പെട്ടവർ ആത്മാർത്ഥത കാണിക്കേണ്ടതാണ്. ചില പള്ളികളിലെങ്കിലും ശുശ്രൂഷക്കാരും ഗായകസംഘവും ചേർന്നു നടത്തുന്ന ഒരു പ്രക്രിയയായി ആരാധന മാറ്റപ്പെടുന്നു.

ആരാധന ദൈവവുമായുള്ള സംസർഗ്ഗമാണ്. ദൈവത്തെ അടുത്തറിയും അവനെ കേൾക്കലുമാണ്. ദൈവക്ഷണത്തോടുള്ള പ്രതികരണമാണത്. മനുഷ്യ യുക്തിക്കതീതമായ ചുവടുവയ്പും കാണാത്തവയുടെ ദർശനവുമാണ് ആരാധന. മനുഷ്യഭാവനയ്ക്കും നിഗ മനങ്ങൾക്കും അതീതമാണ് ദൈവസത്ത എങ്കിലും മനുഷ്യ ഹൃദയത്തിന് സമീപസ്ഥമാണ് ദൈവസാന്നി ദ്ധ്യം. അതുപോലെ നമ്മുടെ അനുഭവ പരിധിക്കുള്ളി ലാണ് ദൈവമഹത്വം. സത്താപരമായി ദൈവം സക ലതിൽ നിന്നും വ്യതിരക്തത പുലർത്തുമ്പോഴും സ്വമ ഹത്വം (energia)സകലതിലും അവൻ വ്യാപരിപ്പി യ്ക്കുന്നു. അത് അനുഭവിച്ചറിയുന്നവർക്ക് ആരാധന ആത്മീയ ദാഹമായി മാറും. അന്തരീകമല്ലാത്ത പ്രവൃ ത്തികളിൽ ആത്മീയത ഇല്ല. അതുകൊണ്ട് കേവലം പ്രാർത്ഥനോച്ചാരണങ്ങൾക്കപ്പുറം സ്വയം ഒരു പ്രാർത്ഥനയായിത്തീരലാണ് ഒരു ക്രിസ്ത്യാനിയുടെ ആത്മീയ ജീവിതം. പരീശരെപ്പോലെ ബാഹ്യാചാര നുഷ്ഠാനങ്ങളിൽ നിഷ്ഠയോടെ മതജീവിതം നയി ക്കുന്നവരെക്കാൾ ആന്തരിക വിശുദ്ധിയുള്ള മതനി ഷേധികളിൽ പ്രത്യാശയുണ്ടെന്ന് 'എവ്ദോക്കി മോവ്' എന്ന വേദ പണ്ഡിതൻ പറയുന്നു.

ഓർത്തഡോക്സ് ആരാധനയുടെ ആരംഭത്തിൽ മനസ്സും ഹൃദയവും ചിന്തയും തിരുസന്നിധിയിൽ ആയിരിക്കണമെന്ന ആഹ്വാനമാണ് 'സ്തുതിബലി കളണച്ചേറിടുവിൻ-കർത്തുപ്രാകാരെ നിർമ്മലകാഴ്ച യുമായ്' എന്ന ഗീതവും ഇതേ ആശയംതന്നെയാണ് കൽപിയ്ക്കുന്നത്. ആരാധകരുടെ മനസ്സും ഹൃദയവും ചിന്തയും വികാര, വിചാരങ്ങളും മുകളിൽ സ്വർഗ്ഗീയ മദ്ബഹായുടെ സിംഹാസനത്തിൽ ഉപവിഷ്ടനായി രിക്കുന്ന ത്രിത്വപ്രകാശമഹിമയുടെ മുൻപിൽ നിന്നു കൊണ്ടായിരിക്കണം ആരാധന നടത്തേണ്ടതെന്ന് എല്ലാ സഭകളും കല്പിയ്ക്കുന്നു. അല്ലാതെ ഞങ്ങ ളുടെ നമസ്കാരങ്ങളിലും അപേക്ഷകളിലും പ്രാർത്ഥ നകളിലും സ്തോത്രങ്ങളിലും നീയിഷ്ടപ്പെട്ട് അവ യെ കൈക്കൊള്ളുകയും ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണ'മെന്ന് കാണാമറയത്തിരി ക്കുന്ന ദൈവത്തിന് വായുസന്ദേശം അയയ്ക്കുക യല്ല ചെയ്യേണ്ടത്.

പാപം ലഘൂകരിയ്ക്കപ്പെട്ടിരിയ്ക്കുന്ന ഈ കാ ലത്ത് വിശുദ്ധിയെക്കുറിച്ചുള്ള ധാരണയ്ക്ക് വികല്പം സംഭവിക്കുന്നു. മഹാപുരോഹിത സന്ദേശത്തിൽ ഹൂസോയോ എന്ന കുറുക്കുവഴികളിലൂടെ പാപമോ ചനം പിടിച്ചുവാങ്ങുന്നവരെ ഉദ്ദേശിച്ച് പരിശുദ്ധ കാതോലിക്ക ബാവ പറയുന്നു. "ഒരുക്കത്തോടെ വേണം വി. കുർബ്ബാന അനുഭവിക്കേണ്ടത് എന്നാണ് പ്രമാണം. എന്നാൽ യാതൊരു തയ്യാറെടുപ്പും ഇല്ലാതെ വി. കുർബ്ബാന അനുഭവിയ്ക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുകയാണ്. വി. കുമ്പസാരം എന്നത് അനുതാപത്തിന്റെയും സൗഖ്യദാനത്തി ന്റെയും കൂദാശയാണെന്ന സത്യം മറന്ന് ഇടവകയോ ഗത്തിൽ സംബന്ധിയ്ക്കുന്നതിനുള്ള ഉപാധിമാത്രമാ ണെന്ന വിചാരം പല ഇടവകകളിലും വളർന്നിരി യ്ക്കുന്നു." വേദ പണ്ഡിതനായ ഡോ. ജോഷാ അച്ചൻ ഹൂസോയേപ്പറ്റി എഴുതിയ ലേഖനത്തിൽ പറ യുന്നത് 'ഏറ്റുപറച്ചിലില്ലാതെ പാപമോചനം ലഭി യ്ക്കുമെന്ന് തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല.' എന്നാൽ കുർബ്ബാന സ്വീകരിയ്ക്കാനുള്ള ഒരുക്കമായി രണ്ടു കാര്യങ്ങൾ മതിയെന്നാണ് ഇന്നുള്ള ധാരണ. 1. പ്രഭാതഭക്ഷണം കഴിയ്ക്കരുത്. 2. അച്ചൻ തലയ്ക്കു പിടിക്കണം. തലയ്ക്കുപിടിച്ച് ഒരു മന്ത്രം ചൊല്ലിയാൽ എല്ലാ ഒരുക്കവും ആയി എന്ന തരത്തിൽ കുർബ്ബാ നാനുഭവം ലഘൂകരിക്കപ്പെട്ടു. കുമ്പസാരത്തിൽ ഏറ്റു പറഞ്ഞവയ്ക്കും വിട്ടുപോയതുമായ പാപങ്ങൾക്കാണ് മോചനം നൽകുന്നതായി പുരോഹിതൻ പറയുന്ന ത്. ഏറ്റുപറച്ചിൽ നടത്തിയിട്ടില്ലാത്തപ്പോൾ ഈ പാപ മോചന പ്രഖ്യാപനത്തിന്റെ അർത്ഥം എന്താണ്? (മ ലങ്കര സഭ മെയ് 16) മേൽപ്പറഞ്ഞ പ്രസ്താവത്തി ലൂടെ പരി. കാതോലിക്കയും ജോഷാ അച്ചനും സഭ യുടെ പാരമ്പര്യ, വിശ്വാസങ്ങളിൽ സംഭവിച്ചുകൊ ണ്ടിരിക്കുന്ന മൂല്യച്യുതിയെയാണ് ചൂണ്ടികാണി യ്ക്കുന്നത്.

ഇത്തരം 'ഷോർട്ട്കട്ട്' രീതിയിലുള്ള പുണ്യം നേടൽ തിരുത്താൻ സഭയ്ക്ക് ബാദ്ധ്യതയുണ്ട്. സ്വത്വ കേന്ദ്രീകൃതമായ ചിന്തകളെ ദൈവ കേന്ദ്രീകൃതമാ ക്കുക എന്നതാണ് യഥാർത്ഥ ആത്മീയത. അതിന് ക്രിസ്തു നിർദ്ദേശിക്കുന്നത് പുതുമനുഷ്യൻ ആകണ മെന്നുള്ളതാണ്. അതു സാധിക്കുന്നത് കുമ്പസാരത്തി ലൂടെയാണ്. സ്വയം കണ്ടെത്തി തന്നെത്താനെ അറി യുന്നവനേ പുതുമനുഷ്യനാവാൻ കഴിയൂ എന്ന് സിറി യയിലെ വി. ഇസഹാക്ക് പറയുന്നു. ചിന്തയിലും വ്യാപാരത്തിലും തന്നിൽ നിലനിന്നിരുന്ന മാലിന്യ ങ്ങളും മ്ലേച്ഛതകളും തിരിച്ചറിഞ്ഞ് അവയെ പശ്ചാ ത്താപത്തിലൂടെ കഴുകി ശുദ്ധമാക്കുന്നതാണ് പുതിയ മനുഷ്യനാവുക എന്ന് പറയുന്നത്. പശ്ചാത്താപം പാപം ഉപേക്ഷിക്കലാണെങ്കിൽ മാനസാന്തരം ദൈവ ത്തിലേക്കുള്ള തിരിച്ചുവരവാണ്. പുതുമനുഷ്യനാവുക എന്നാൽ not imitating Christ but interiorizing him മരക്കുരിശ് ചുമന്ന് മലയാറ്റൂർക്ക് പോയാലും മണർകാ ട്ടിലേക്കും, പരുമലയിലേക്കും തീർത്ഥാടനം നടത്തി യാലും പുതുമനുഷ്യനാവില്ല. സഭയുടെ അടിസ്ഥാന വിശ്വാസത്തെ ബാധിയ്ക്കുന്ന ഇത്തരം പ്രവണത കളെ ചൂണ്ടിക്കാണിച്ച് സ്വസ്ഥരാകാതെ അവയെ തിരു ത്തുകയോ, ഏകീകൃതമാക്കുകയോ ചെയ്യേണ്ട ചുമ തലയിൽ നിന്ന് സഭാസ്ഥാനീയർ ഒഴിഞ്ഞുമാറരുത്.

RNI No. KERMAL/2012/46014 | Date of Publication 15-8-2018 | Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 | Price Rs. 10/- | Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

എത്യോപ്യൻ സഭയിൽ ഐക്യം

എത്യോപ്യൻ സഭയിൽ ആബൂനാ മത്ഥിയാസ് പാത്രിയർക്കീസ് നേതൃത്വം നൽകുന്ന ഔദ്യോഗിക വിഭാഗവും (ആഡിസ് ആബാബാ സിനഡ്) ആബൂനാ മെർക്കോറിയോസ് പാത്രിയർക്കീസ് രാജ്യത്തിനു പുറത്തുള്ള വിഭാഗവും (എക്സൈൽ സിനഡ്) സമ്പൂർണ്ണ യോജിപ്പിലേക്ക്.

വാഷിംഗ്ടണിൽ അഞ്ചുദിവസം നടന്ന അനുരഞ്ജന ചർച്ച ജൂലൈ 26 ന് അവസാനിച്ചു. എത്യോപ്യൻ പ്രധാന മന്ത്രി ആബി അഹമ്മദിന്റെ ശക്തമായ ഇടപെടലാണ് 27 വർഷത്തെ ഭിന്നിപ്പ് അവസാനിപ്പിച്ചത്.

ഇതനുസരിച്ച് പരസ്പരം മുടക്കുകൾ പിൻവലിച്ചു. പ്രവാസിയായി കഴിയുന്ന പാത്രിയർക്കീസ് ആബൂനാ മെർക്കോറിയോസും മെത്രാന്മാരും മാതൃരാജ്യത്തേയ്ക്ക് മടങ്ങിയെത്തും. ഇനിയും ഒരു സഭയും ഒരു സുന്നഹദോസും മാത്രമായിരിക്കും. രണ്ടു പാത്രിയർക്കീസുമാരും സഭാതലവന്മാരായിരിക്കും. ഭരണച്ചുമതല ആബൂനാ മത്ഥിയാസ് നിർവ്വഹിക്കും. എത്യോപ്യയിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കീഴിൽ 1988-ൽ പാത്രിയർക്കീസായി വാഴിക്കപ്പെടുകയും കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ തകർച്ചയെ തുടർന്ന് അവരുമായി സഹകരിച്ചതിന്റെ പേരിൽ 1991-ൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും പിന്നീട് അമേരിക്കയിൽ രാഷ്ട്രീയ അഭയം തേടുകയും ചെയ്ത ആബൂനാ മെർക്കോറിയോസിനെ പിന്തുണയ്ക്കുന്നവരാണ് എക്സൈൽ സിനഡ് എന്നറിയപ്പെട്ടിരുന്നത്. ഈ വിഭാഗം കൂടുതൽ മെത്രാന്മാരെ വാഴിച്ചതോടെ പരസ്പരം മുടക്കി. എത്യോപ്യയിലെ ഭരണപക്ഷവും പ്രതിപക്ഷവും ഒരേ ഭാഗത്ത് പിന്തുണച്ചത് യോജിപ്പിന് തടസ്സമായി. സഭയിൽ ഇരു കക്ഷികൾക്കും ഭീഷണിയായിരിക്കുന്ന പ്രൊട്ടസ്റ്റന്റ് നവീകരണ ചിന്താഗതിയാണ് പുതിയ അനുരഞ്ജന നീക്കം അനിവാര്യമാക്കിയത്. കോപ്റ്റിക് സഭയിൽ നിന്ന് 1959-ൽ സ്വതന്ത്രമായ എത്യോപ്യൻസഭ 1994-ലെ കോപ്റ്റിക്-എത്യോപ്യൻ സഭാ ഉടമ്പടി അനുസരിച്ച് പരസ്പരബന്ധം നിലനിർത്തുന്നു. മലങ്കരസഭയുമായി ഏറ്റവും ബന്ധമുള്ള ഓറിയന്റൽ ഓർത്തഡോക്സ് സഭയാണിത്. ഇരു സഭാതലവന്മാരും നിരന്തരമായി പരിസ്പര സന്ദർശനങ്ങൾ നടത്തുന്നുണ്ട്. ഈ ഐക്യം മലങ്കരസഭയ്ക്ക് ഒരു പാഠമാകട്ടെ.

SANTHULA TRUST HOSPITAL

Vadakara, Koothattukulam
Ph: 0485-2250745, 9447575091

A Clinical and Research Centre of Neuro - Behavioural Science

OUR SERVICES:

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

OUR FACILITIES:

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha